**അടിയന്തരപ്രമേയം**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അശാസ്ത്രീയ അഴിച്ചുപണി

മി. സ്പീക്കർ: ജനസംഖ്യ, ഭൂവിസ്തൃതി, അതിർത്തി തുടങ്ങിയ ഭൂമിശാസ്ത്രപരമായ സവിശേഷതകളോ, വികസനപ്രവർത്തന സാധ്യതകളോ, സാമൂഹ്യ സാഹചര്യങ്ങളോ, പരിഗണിക്കാതെ രാഷ്ട്രീയലക്ഷ്യം മാത്രം വച്ച് യാതൊരു തത്വദീക്ഷയുമില്ലാതെ തദ്ദേശസ്ഥാപനങ്ങളെ വെട്ടിമുറിക്കുകയും സംയോജിപ്പിക്കുകയും വാർഡുവിഭജനം നടത്തുകയും പുതിയവ രൂപീകരിക്കുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ. ടി. എം. തോമസ് ഐസക് സർവ്വശ്രീ വി.എസ്. സുനിൽകുമാർ, മാത്യു ടി തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, യഥാർത്ഥത്തിൽ ഇന്നത്തെ അടിയന്തരപ്രമേയം വാർഡുവിഭജനവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളെക്കുറിച്ച് ധാരണയില്ലാതെ പോയതു കൊണ്ടാണെന്ന് ഞാൻ സംശയിക്കുകയാണ്. ഇത്രയും ശാസ്ത്രീയമായി ......... നമുക്ക് പറയാം,

നിങ്ങളുടെ കാലഘട്ടത്തിലുള്ളതും പറയാം, ......ഞാൻ സംസാരിക്കാൻ പോകുന്നതല്ലേയുള്ളൂ. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ (4), കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ (4) പ്രകാരവും സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കേരള സർക്കാർ പുറപ്പെടുവിച്ച 10.06.2014-ലെ 1465/2014/തദ്ദേശസ്വയംഭരണവകുപ്പ് എന്ന സർക്കാർ ഉത്തരവ് പ്രകാരവും താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി സർക്കാർ രൂപീകരിക്കുകയുണ്ടായി. നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, ചീഫ് ടൗൺ പ്ലാനർ. കമ്മിറ്റിയുടെ കൺവീനറായി പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. കമ്മിറ്റി സർക്കാരിലേയ്ക്ക് 06.08.2014-ൽ സമർപ്പിച്ച റിപ്പോർട്ട് പരിഗണിക്കുകയും അതനുസരിച്ച് പ്രസ്തുത കമ്മിറ്റി രൂപീകരണത്തിന് മുമ്പും അതിനുശേഷവും പുതിയ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണവുമായി ബന്ധപ്പെട്ട് ധാരാളം നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയും ചെയ്തു. ആയതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി എടുത്തിട്ടുള്ള തീരുമാനങ്ങളും ഈ കമ്മിറ്റി പരിശോധിച്ചിരുന്നുവെങ്കിലും അത് സർക്കാർ കണ്ടെത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ പുതിയ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും

രൂപീകരണവുമായി ബന്ധപ്പെട്ട് ഇന്നുവരെ ലഭിച്ചിട്ടുള്ള നിവേദനങ്ങളും ഇതുസംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി എടുത്തിട്ടുള്ള തീരുമാനങ്ങളും പരിഗണിച്ച് തുടർന്ന് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ പുതിയ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം സംബന്ധിച്ച് പരിഷ്കരിച്ച ശിപാർശകൾ അടിയന്തരമായി സർക്കാരിന് സമർപ്പിക്കാൻ ഈ കമ്മിറ്റിക്ക് സർക്കാർ നിർദ്ദേശം നല്കി. ആയതുപ്രകാരം മുനിസിപ്പാലിറ്റികളുടെയും പഞ്ചായത്തുകളുടെയും രൂപീകരണം സംബന്ധിച്ച് സർക്കാരിൽനിന്നും ലഭിച്ച അപേക്ഷകളും നിവേദനങ്ങളും പരിഗണിക്കുകയും പഞ്ചായത്തുകളുടെ രൂപീകരണത്തിനായി കൂടുതൽ ശാസ്ത്രീയവും ജനകീയവുമായ മാനദണ്ഡങ്ങൾ ഉപയോഗിക്കുവാനും തീരുമാനിക്കുക യുണ്ടായി. ഇതിലേയ്ക്കായി താഴെപ്പറയുന്ന രീതിയിൽ കമ്മിറ്റി സിറ്റിംഗുകൾ ഉണ്ടായിരുന്നു; 11/11, 05/12, 12/12, 15/12, 17/12, 22/12, 29/12. 2014-ൽ വിവിധ സന്ദർഭങ്ങളിലായി സിറ്റിംഗിനിരുന്നശേഷം ആ റിപ്പോർട്ടും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ പഞ്ചായത്തുവിഭജനവുമായി ബന്ധപ്പെട്ട് മുന്നോട്ടുപോയിട്ടുള്ളത്. ആ വിഭജനം വളരെ ശാസ്ത്രീയമായി നിർവ്വഹിച്ചു. ഇപ്പോൾ ഡീലിമിറ്റേഷൻ കമ്മിറ്റി സിറ്റിംഗുകൾ എല്ലാ സ്ഥലത്തും ഉണ്ടായിരുന്നു. തിരുവനന്തപുരത്ത് ലാസ്റ്റ് സിറ്റിംഗ് ആണ്. അതിൽ പരാതികൾ

വീണ്ടും സ്വീകരിച്ചുകൊണ്ട് മാറ്റങ്ങൾ വരുത്തേണ്ട സ്ഥലത്ത് ആവശ്യമായ രീതിയിൽ അവർ ശിപാർശ ചെയ്യുന്നതിനനുസരിച്ച് ഈ വാർഡുവിഭജനവും പഞ്ചായത്തുവിഭജനവും നടക്കും. മാത്രമല്ല, ഇത്തവണ ഞങ്ങൾ 2011-ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ചാണ് കാര്യങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ജനസംഖ്യ വർദ്ധിച്ചിട്ടുള്ള സ്ഥലത്ത് വളരെ അശാസ്ത്രീയമായി നിലനിന്നിരുന്ന പല സ്ഥലങ്ങളും ഉണ്ടായിരുന്നു. അതിനെ ശാസ്ത്രീയമാക്കുകയാണ് ചെയ്തത്. മൂന്നോ നാലോ പഞ്ചായത്ത് ഒരുമിച്ചുള്ള സ്ഥലത്ത് ഒരു വാർഡും മൂന്ന് പഞ്ചായത്തും കഴിഞ്ഞ് അപ്പുറത്ത് വാർഡുണ്ടായിരുന്നതിനെയൊക്കെ തിരിച്ച് വളരെ ശാസ്ത്രീയമായി ആ പഞ്ചായത്തിനോട് ചേർന്നുള്ള വാർഡുകളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തു. .....(ബഹളം) ....... ഞാൻ എന്റെ ഭാഗം പറയുന്നു. നിങ്ങൾ പറഞ്ഞതിനു ശേഷം ആവശ്യമായ മറുപടി പറയാം. ഇത്രയേ എനിക്ക് പറയാനുള്ളൂ. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ച് പ്രതിപക്ഷം പറയാനുള്ളത് കേട്ടശേഷം മറുപടി പറയുന്നതാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ ശാസ്ത്രീയമായിട്ടാണ് ഈ കാര്യങ്ങൾ ചെയ്തത് എന്നുപറഞ്ഞു. 7 തവണ ശാസ്ത്രത്തെ ഉദ്ധരിച്ചു. ചില രാഷ്ട്രീയ ലക്ഷ്യങ്ങൾവച്ച് അതിനുവേണ്ടിയുള്ള ശാസ്ത്രം

ഉണ്ടാക്കിയിരിക്കുകയാണ്; ഇതാണ് അദ്ദേഹത്തിന്റെ ശാസ്ത്രീയം എന്നു പറയുന്നത്. എന്റെ മണ്ഡലത്തിലെ ആര്യാട് ബ്ലോക്കിന്റെ കാര്യമെടുക്കുകയാണെങ്കിൽ, എന്റെ മണ്ഡലത്തിൽപ്പെട്ടതല്ല എന്നുപറഞ്ഞ് ആര്യാട് ബ്ലോക്കിൽ നിന്ന് മുഹമ്മ പഞ്ചായത്ത് കഞ്ഞിക്കുഴി ബ്ലോക്കിലേക്ക് മാറ്റി. അപ്പോൾ ആര്യാട് ബ്ലോക്കിൽ മൂന്ന് പഞ്ചായത്തുകൾ മാത്രമാണുള്ളത്. കഞ്ഞിക്കുഴി ബ്ലോക്കിൽ 7 പഞ്ചായത്തുകളായിട്ട് കൂടി. എന്നാൽ ഈ മാനദണ്ഡപ്രകാരം കഞ്ഞിക്കുഴി ബ്ലോക്കിലുള്ള എന്റെ മണ്ഡലത്തിൽപ്പെട്ട മാരാരിക്കുളം വടക്ക് ഇങ്ങോട്ട് മാറ്റിയില്ല; ഇതാണ് ഉണ്ടായിട്ടുള്ളത്. മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്കുകളെ വിഭജിക്കുക എന്ന് നിയമസഭയിൽ പറഞ്ഞത്, ബ്ലോക്കുകളൊക്കെ വെട്ടിമുറിക്കുന്നതിനുവേണ്ടി യുള്ള നിങ്ങളുടെ കുടിലബുദ്ധിയുടെ ഭാഗമാണ്. അതല്ലെങ്കിൽ പുതുതായി മുനിസിപ്പാലിറ്റി വന്നു; ഒന്നുരണ്ടു പഞ്ചായത്തുകൾക്ക് മാറ്റം വന്നു; അങ്ങനെ വരുമ്പോൾ ആ ബ്ലോക്കുകൾ ഭേദഗതി ചെയ്താൽ മതി. അങ്ങനെ യാണെങ്കിൽ കേരളത്തിലുള്ള ബ്ലോക്കുകൾ മുഴുവൻ നിങ്ങൾക്ക് വെട്ടിമുറിക്കാൻ പറ്റില്ല. അതിന് നിങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ വേണമെന്ന് പറഞ്ഞ് അതിന്റെ നടപടികൾ നീക്കി കഴിഞ്ഞതിനുശേഷം മണ്ഡലാടിസ്ഥാനത്തിലാണെങ്കിൽ ബ്ലോക്കുകളുടെ എണ്ണം കുറഞ്ഞു പോകുന്നതുകൊണ്ട് അത് സാധിക്കുകയില്ലെന്നു പറഞ്ഞു. എന്നാൽ

പിന്നെന്തിനാണ് ഇതിനെല്ലാം പോകുന്നത്; അത്യാവശ്യം വേണ്ട മാറ്റങ്ങൾ വരുത്തിയാൽ പോരേ? എന്തൊക്കെയാണ് ചെയ്തിട്ടുള്ളത്? വായിക്കു മ്പോഴാണ് നമ്മൾ ഞെട്ടിപ്പോകുന്നത്. ഉദാഹരണത്തിന് പരപ്പ ബ്ലോക്ക്, 7 പഞ്ചായത്തുകളുള്ള ഒരു മലയോര ബ്ലോക്കാണത്. ഈസ്റ്റ് എളേരിയും വെസ്റ്റ് എളേരിയും നീലേശ്വരം ബ്ലോക്കിനോട് ചേർത്തു. നീലേശ്വരം ബ്ലോക്ക് കടൽത്തീരത്തുള്ള ഒരു പഞ്ചായത്താണ്. അതിന്റെ ഫലമായി ഈസ്റ്റ് എളേരിയിലെ ഒരാൾക്ക് ബ്ലോക്ക് ആസ്ഥാനത്തേയ്ക്ക് പോകണമെന്നു ണ്ടെങ്കിൽ 50 കി.മീ. സഞ്ചരിക്കണം. അതുകൂടാതെ പരപ്പ ബ്ലോക്കിലെ കുറവ് നികത്താൻ വേണ്ടി കാഞ്ഞങ്ങാട് ബ്ലോക്കിൽപ്പെട്ട അജാനൂർ പരപ്പയിലേക്ക് കൂട്ടിച്ചേർത്തു. അജാനൂർനിന്ന് കാഞ്ഞങ്ങാട് എത്താനായി 5 കി.മീ. മാത്രമേയുള്ളൂ, പക്ഷെ 30 കി.മീ. സഞ്ചരിച്ചാൽ മാത്രമെ പരപ്പയിലെത്തുകയുള്ളൂ. എന്തു ശാസ്ത്രമാണ് ഇത്? പയ്യന്നൂർ, കല്ല്യാശ്ശേരി, മട്ടന്നൂർ, പേരാവൂർ എന്നിവിടങ്ങളിലെ പഞ്ചായത്തുകളൊക്കെ മണ്ഡലാടിസ്ഥാനത്തിൽ ആക്കരുത് എന്നുപറഞ്ഞു. അതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ എന്താണ്; അതുമാത്രം മണ്ഡലാടിസ്ഥാനത്തിൽ........ ബാക്കിയൊന്നുമില്ല. ഇരിക്കൂർ രണ്ട് ബ്ലോക്കുകളാക്കി ആക്കി മാറ്റി. മണ്ഡലത്തിലെ വിവിധ പ്രദേശങ്ങൾ എടുത്ത് ഇന്നുള്ള ബ്ലോക്കിന്റെ ആകൃതി മാറ്റി. ഇതിന്റെ ഫലം

എന്താണ്; ഭൂമിശാസ്ത്രം നോക്കിക്കൊള്ളൂ. 60 കി. മീ. വിസ്തൃതിയുള്ള പേരാവൂർ ബ്ലോക്ക്; കൂത്തുപറമ്പ് ബ്ലോക്കിനോട് 300 മീറ്റർ അടുത്തുള്ള കോട്ടയം (മലബാർ) തലശ്ശേരിയിലേക്ക് മാറ്റി. ഇരിക്കൂർ ആസ്ഥാനത്തുനിന്ന് 3 കി.മീറ്റർ അകലമുള്ള മലപ്പട്ടം, എന്ത് അടിസ്ഥാന ത്തിലാണ് അത് ഇപ്പോൾ മറ്റൊരു ബ്ലോക്കിലേക്ക് മാറ്റിയത്? ശ്രീ. കെ. സി. ജോസഫ്, നിങ്ങൾ അവിടത്തെ എം.എൽ.എ. ആണല്ലോ; തളിപ്പറമ്പ് ബ്ലോക്കിൽനിന്ന് 3 കി.മീ. മാത്രം അകലത്തിലായിരുന്ന പട്ടുവം. അത് കല്ല്യാശ്ശേരിയിലേക്ക് മാറ്റി. ഇപ്പോൾ ജനങ്ങൾ 24 കി.മീ. യാത്ര ചെയ്യണം.

ശ്രീ. സണ്ണി ജോസഫ്: സർ, തളിപ്പറമ്പ് ബ്ലോക്കിൽ നിന്ന് കല്ല്യാശ്ശേരി മണ്ഡലത്തിലേക്ക് പട്ടുവം പഞ്ചായത്തിനെ മാറ്റി ചേർത്തപ്പോൾ അങ്ങയുടെ പാർട്ടിയും ആ കമ്മീഷനിൽ അംഗമായിരുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും അതിനെതിരെ ഒരു വാക്ക് എന്തുകൊണ്ട് ശബ്ദിച്ചില്ല?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഞങ്ങൾ കൃത്യമായി പറയുന്ന, മണ്ഡലാടിസ്ഥാനത്തിൽ വിഭജിക്കാൻ പാടില്ലായെന്നുള്ള നിലപാട് അവിടത്തെ ബ്ലോക്കുകൾ എടുത്തിട്ടുണ്ട്; പ്രമേയം പാസ്സാക്കി അയച്ചു തന്നിട്ടുണ്ട്. എന്നിട്ടും നിങ്ങൾ ചെയ്തിട്ടുള്ള ഏർപ്പാടാണിത്. അതുപോലെ തന്നെ, കോഴിക്കോട് ജില്ലയിൽ

ബാലുശ്ശേരി ബ്ലോക്കിൽപ്പെട്ട കൂരാച്ചുണ്ട് പേരാമ്പ്ര ബ്ലോക്കിലേയ്ക്കും പേരാമ്പ്ര ബ്ലോക്കിൽനിന്ന് കായണ്ണ പഞ്ചായത്ത് ബാലുശ്ശേരി ബ്ലോക്കിനോടും ചേർത്തു. കൂരാച്ചുണ്ട് കഴിഞ്ഞാണ് കായണ്ണ കിടക്കുന്നത്. തൊട്ടടുത്ത പഞ്ചായത്ത് മറ്റൊരു ബ്ലോക്കിലേയ്ക്കും അതിനപ്പുറത്തുള്ള പഞ്ചായത്ത് ഇപ്പുറത്തേയ്ക്കും കൂട്ടിച്ചേർക്കുക; എന്ത് ശാസ്ത്രീയതയാണ് ഇതിന്റെ പിന്നിലുള്ളത്? തുറയൂർ പഞ്ചായത്ത്, അവരുടെ ബ്ലോക്കിലേക്ക് പോകണമെങ്കിൽ മേലാടി ബ്ലോക്ക് വഴി കടന്നുപോകണം. അതായത് ഭൂമിശാസ്ത്രപരമായി യാതൊരു ബന്ധവും ഇതുൾപ്പെടുത്തിയിരിക്കുന്ന ബ്ലോക്കുമായി ഇല്ല. പത്തനംതിട്ട ജില്ലയിലെ സീതത്തോട്-ചിറ്റാർ ഗ്രാമപഞ്ചായത്ത് കോന്നി ബ്ലോക്കിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. കോന്നിയിലെത്താൻ എത്ര കിലോമീറ്റർ സഞ്ചരിക്കണമെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ; ജില്ലാ ആസ്ഥാനത്ത് വന്നിട്ടുവേണം കോന്നിയിലേയ്ക്ക് വരാൻ, അതായത് 70 കിലോമീറ്ററോളം സഞ്ചരിക്കണം. എന്തടിസ്ഥാനത്തിലാണ് ഇങ്ങനെ മാറ്റം വരുത്തുന്നത്; കോയിപ്പുറത്തുനിന്നും 3 കി.മീ. മാത്രം അകലമുണ്ടായിരുന്ന അയിരൂർ പഞ്ചായത്തിനെ 20 കി.മീ. യാത്രചെയ്യുന്ന ഒരു ബ്ലോക്കിലേയ്ക്ക് മാറ്റിയിരിക്കുകയാണ്.

ഇടുക്കി ജില്ലയിൽ, കട്ടപ്പനയിലെ കാഞ്ചിയാറിനെ ഇടുക്കി ബ്ലോക്കിലേയ്ക്ക്

മാറ്റി. കാഞ്ചിയാർ നിവാസികൾക്ക് കട്ടപ്പന എത്താൻ നേരത്തെ 3 കി.മീ. യാത്ര ചെയ്യേണ്ടിടത്ത് ഇപ്പോൾ 46 കി. മീറ്ററാണ് യാത്ര ചെയ്യേണ്ടിവരുന്നത്. ഇളംദേശം ബ്ലോക്കിലെ കുടയത്തൂർ പഞ്ചായത്തിനെ ഇടുക്കി ബ്ലോക്കിലേയ്ക്ക് മാറ്റി. നേരത്തെ ബ്ലോക്ക് ആസ്ഥാനത്തെത്താൻ 3 കി.മീ. യാത്ര ചെയ്താൽ മതിയായിരുന്നു. ഇപ്പോൾ 80 കി.മീ. യാത്ര ചെയ്യണം. അതിൽ 31 കി.മീ. വനത്തിലൂടെയാണ് യാത്ര ചെയ്യേണ്ടത്. എന്തൊരു അശാസ്ത്രീയതയാണ് നടത്തിക്കൊണ്ടിരിക്കുന്നത്; അടിമാലി ബ്ലോക്കിലെ കൊന്നത്തടി പഞ്ചായത്തിനെ ഇടുക്കിയിലേയ്ക്ക് മാറ്റി. 10 കി.മീ. സഞ്ചരിക്കേണ്ട ദൂരം ഇപ്പോൾ 30 കി.മീ. ആയി വർദ്ധിച്ചു.

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്കിൽപ്പെട്ട വീയപുരത്തെ അപ്പർകുട്ടനാടിലേയ്ക്ക് മാറ്റി. എന്ത് ന്യായമാണിതിലുള്ളത്? എത്ര ബാലിശമാണ് ഈ മാറ്റമെന്ന് അങ്ങേയ്ക്കും അറിയാമല്ലോ; വേണമെങ്കിൽ ഓരോ ബ്ലോക്കിനെയും കുറിച്ച് ഞാൻ വായിക്കാം.

ജനസംഖ്യാ മാനദണ്ഡം എടുക്കുകയാണെങ്കിൽ ആലത്തൂരിലെ 13 പഞ്ചായത്തുകളിൽ 2.9 ലക്ഷം ജനങ്ങളും തൊട്ടടുത്തുള്ള നെന്മാറയിലെ 5 പഞ്ചായത്തുകളിൽ ഒന്നേകാൽ ലക്ഷം ജനങ്ങളുമാണുള്ളത്. ഇത് നിങ്ങളിപ്പോൾ കൂട്ടിച്ചേർത്തതിന്റെ ഫലമായിട്ടാണ്. 67000 ആളുകൾ മാത്രമുള്ള ഒരു പുതിയ

ബ്ലോക്കാണ് പന്തളം. മൂവാറ്റുപുഴയിൽ 2.1 ലക്ഷം ജനങ്ങളാണുള്ളത്. പുനർവിഭജനത്തിനുമുമ്പ് മൂവാറ്റുപുഴ ബ്ലോക്കിലെ ജനസംഖ്യ 1.3 ലക്ഷമായിരുന്നു. തലശ്ശേരിയിൽ 2.4 ലക്ഷമാണ് ജനസംഖ്യ. തൊട്ടടുത്ത ജില്ലയിലുള്ള ആലക്കോട് പഞ്ചായത്തിലെ ജനസംഖ്യ 84000 ആണ്. പള്ളിക്കുന്ന് ബ്ലോക്കിൽ 9 ഗ്രാമപഞ്ചായത്തുകളും തൊട്ടടുത്തുള്ള തിരൂരങ്ങാടിയിൽ 5 ഗ്രാമപഞ്ചായത്തുകളുമാണുള്ളത്. ഇതെന്ത് ജനസംഖ്യാ മാനദണ്ഡമാണ്; ഭൂമിശാസ്ത്രപരമായ മാനദണ്ഡങ്ങൾ കാറ്റിൽ പറത്തി, ജനസംഖ്യാ മാനദണ്ഡങ്ങൾ എടുക്കുകയാണെങ്കിൽ, 3 പഞ്ചായത്തുകളുള്ള രണ്ട് ബ്ലോക്കുകൾ.... എല്ലാവർക്കും ഒരേ രീതിയിൽ പറ്റില്ല. പക്ഷേ മൂന്നും പന്ത്രണ്ടും തമ്മിൽ വലിയ അകലമില്ലേ; ഒരു ഡസനിലേറെ പഞ്ചായത്തുകളുള്ള പത്തിൽ കൂടുതൽ ബ്ലോക്കുകൾ വരും. എന്ത് മാനദണ്ഡമാണ് നിങ്ങൾ പാലിച്ചത്; ജനസംഖ്യാ മാനദണ്ഡം പാലിച്ചിട്ടുണ്ടോ; ഭൂപ്രകൃതി പാലിച്ചിട്ടുണ്ടോ; ജനങ്ങളുടെ യാത്രാ സൗകര്യം പരിഗണിച്ചിട്ടുണ്ടോ? ഇനി പറയാൻ പോകുന്നത് കേരളത്തില ഒരു സ്ഥലത്തും ഒരു കാലത്തും നടക്കാത്ത കാര്യമാണ്.

മി. സ്പീക്കർ: 12 മിനിട്ടായി.

ഡോ. ടി. എം. തോമസ് ഐസക്: സർ, കുറച്ച് സമയംകൂടി മാത്രമേ

എടുക്കുകയുള്ളൂ. കോഴിക്കോട് കോർപ്പറേഷൻ മാറ്റി 3 മുനിസിപ്പാലിറ്റിയല്ലേ ഉണ്ടാക്കിയിട്ടുള്ളത്. ഏത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് നഗരപ്രദേശങ്ങളെ മുനിസിപ്പാലിറ്റിയാക്കുന്നത്; തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലെ ആന്തൂർ പഞ്ചായത്താക്കാൻ തീരുമാനിച്ചിട്ട് വീണ്ടും അതിനെ രണ്ട് മുനിസിപ്പാലിറ്റിയാക്കിയത് എന്തുകൊണ്ടാണ്? താഴേയ്ക്ക് കൊണ്ടുപോകുന്നതിന് നിയമത്തിൽ വ്യവസ്ഥയില്ല. ഇത് കോടതി പറയട്ടെ.

കഴക്കൂട്ടത്തെ തിരുവനന്തപുരത്തുനിന്നും മാറ്റി. മെട്രോപൊളിറ്റൻ പദവി നഷ്ടപ്പെടുന്നതിന്റെ ഫലമായി കേന്ദ്രസഹായമടക്കം എത്രയോ നഷ്ടം വരാൻ പോകുന്നു. ബ്ലോക്കുകളുടെ എണ്ണം കുറഞ്ഞാൽ കേന്ദ്ര സഹായത്തിൽ നഷ്ടംവരുമെന്നുള്ളതുകൊണ്ടാണ് ആ നിലപാട് മാറ്റിയതെന്നാണ് ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രി പറഞ്ഞത്. എങ്കിലും രണ്ടും മൂന്നും മണ്ഡലങ്ങളിലെ പഞ്ചായത്തുകളെ എടുത്ത് ബ്ലോക്ക് ഉണ്ടാക്കേണ്ട ആവശ്യമുണ്ടോ? മാനദണ്ഡപ്രകാരമാണെങ്കിൽ മെട്രോപൊളിറ്റൻ പദവിയുള്ള തിരുവനന്തപുരത്തെയും ആ പദവിയിലേയ്ക്ക് ഉയരാൻ സാധ്യതയുള്ള കോഴിക്കോടിനെയും മുറിച്ച് കേന്ദ്രസഹായം നഷ്ടപ്പെടുത്തേണ്ട ആവശ്യമെന്താണ്?

ഞാൻ ഉന്നയിക്കാൻ പോകുന്നത് അതീവ ഗൗരവമായിട്ടുള്ള കാര്യമാണ്.

അങ്ങ് കേട്ടാൽ ഞെട്ടിപ്പോകും. ഇവിടെ വാർഡുകൾ വിഭജിച്ചത് സാമുദായിക പരിഗണന വച്ചാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. രണ്ടും മൂന്നും ഗ്രാമപഞ്ചായത്തുകളിൽനിന്ന് കുറച്ച് ഭാഗങ്ങളെടുത്ത് പുതിയ ഗ്രാമപഞ്ചായത്തുണ്ടാക്കി. ലീഗിന് മുൻകൈയില്ലാത്ത സ്ഥലങ്ങളെ മാറ്റി പുതിയ ഗ്രാമപഞ്ചായത്താക്കിയത് സാമുദായികാടിസ്ഥാനത്തിലാണ്. നരിപ്പൊറ്റ, കായക്കൊടി പഞ്ചായത്തുകൾ വിഭജിച്ച് പുതിയതായി കൈവേരി പഞ്ചായത്ത് രൂപീകരിച്ചു. കൈവേരി പഞ്ചായത്തിൽ ലീഗിന് ഒരിക്കലും ഭൂരിപക്ഷം കിട്ടുകയില്ല. ഹിന്ദുക്കളുള്ള പഞ്ചായത്തിനെ മുസ്ലീം പഞ്ചായത്തു ണ്ടാക്കാൻ പോവുകയാണ്. നിങ്ങൾ തീകൊണ്ട് കളിക്കുകയാണ്. തിരുവല്ലൂർ, വില്യാപ്പള്ളി പഞ്ചായത്തുകൾ വിഭജിച്ച് മേമുണ്ട പഞ്ചായത്ത് ഉണ്ടാക്കി. ആദ്യം പറഞ്ഞ രണ്ട് പഞ്ചായത്തുകളും ലീഗിനെ ഉറപ്പിക്കുന്ന രീതിയിലാണ് ഉണ്ടാക്കിയിട്ടുള്ളത്. ചാത്തമംഗലം, മുന്നമംഗലം, മാവൂർ പഞ്ചായത്തുകൾ വിഭജിച്ച് പുതിയതായി ചെറുകുളത്തൂർ പഞ്ചായത്തുണ്ടാക്കി. ചെറുകുളത്തൂർ പഞ്ചായത്ത് ലീഗിന് വേണ്ട. അതിനുതകുന്ന സാമൂദായിക പരിഗണനയാണ് അവിടെ ഉണ്ടാക്കിയിട്ടുള്ളത്.

മി. സ്പീക്കർ: 15 മിനിട്ടായി. അടിയന്തരപ്രമേയം അവതരിപ്പിക്കാൻ ഇനി എത്ര മിനിട്ടുകൂടി വേണം?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇത് അതീവ ഗൗരവമായി ട്ടുള്ള കാര്യമാണ്. എനിക്ക് അത് പറയാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. ബഹുമാനപ്പെട്ട അങ്ങ് മന്ത്രിയായിരിക്കുമ്പോൾ ഇങ്ങനെ ചെയ്യുമെന്ന് പ്രതീക്ഷിച്ചില്ല. സാമുദായിക പരിഗണന വച്ച് മണ്ഡലങ്ങളെടുത്ത് പഞ്ചായത്തുകൾ രൂപീകരിച്ച് അതിന്റെയടിസ്ഥാനത്തിൽ വർഗ്ഗീയമായിട്ടുള്ള ചേരിതിരിവ് ഉണ്ടാക്കുകയാണ് നിങ്ങൾ. കേരളത്തിൽ ഇതിനുമുമ്പ് ഇങ്ങനെ നടന്നിട്ടുണ്ടോ? ഒരു കാര്യംകൂടി പറയാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല. വാർഡുകളിൽ നിന്നും വോട്ടർ ലിസ്റ്റ് ... മലപ്പുറത്തെ പാണ്ടിക്കാട്, അതിന്റെ കിഴക്കേ അതിർത്തി കടലുണ്ടിപ്പുഴ- 150 മീ. വീതി, മറുവശത്ത് കീഴാറ്റൂർ. കീഴാറ്റൂരിൽ, പുഴയുടെ അപ്പുറത്തുനിന്നും 72 വീട്ടുകാരെ ഇപ്പുറത്തേയ്ക്ക് ഉൾപ്പെടുത്തുന്നത് എന്തിനാണ്? ഇതുപോലെ എന്തെല്ലാം. തിരുവനന്തപുരം കോർപ്പറേഷൻ, ഒന്നാം വാർഡിൽ നിന്നും നിങ്ങൾ നൂറോളം ആളുകളെ എടുത്ത് പത്താം വാർഡിലേയ്ക്ക് കൊണ്ടു പോയി. ഈ മാറ്റങ്ങൾ ഉണ്ടല്ലോ, ഇതൊക്കെ ലീഗിന് ജയിക്കുന്നതിനുവേണ്ടി ചില സുരക്ഷിത വാർഡുകൾ ഉണ്ടാക്കാൻ വേണ്ടി ചെയ്യുന്ന ഏർപ്പാടുകളാണ്. ഞാൻ സഭയിലെ മറ്റുള്ള മെമ്പർമാരോടും പറയുകയാണ്, ഇത് കേരളത്തിൽ നടന്നിട്ടില്ല. മണ്ഡലാടിസ്ഥാനത്തിൽ വേണമെന്നല്ലേയുള്ളൂ. തൃശ്ശൂർ ജില്ലയിലെ രണ്ടു ബ്ലോക്ക്

എടുത്ത് മലപ്പുറത്തേയ്ക്ക് കൊണ്ടുപോയതിനുള്ള ന്യായമെന്താണ്; മലപ്പുറത്തുള്ള മണ്ഡലത്തേക്കാൾ കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകൾ മലപ്പുറത്തിന് കൊടുത്തതിന്റെ അടിസ്ഥാനം എന്താണ്; ഇതൊന്നും ആരും അറിയുന്നില്ല എന്നാണോ; നമ്മൾ ഇങ്ങനെ കണ്ണടച്ചിരുന്ന് പാൽ കുടിച്ചാൽ പറ്റുമെന്ന് വിചാരിക്കുന്നുവോ? നിങ്ങൾക്ക് ആക്ഷേപം സമർപ്പിക്കാമെന്നും ആക്ഷേപം സമർപ്പിച്ചുകഴിഞ്ഞാൽ അത് പരിശോധിക്കുമെന്നുമാണ് ഇപ്പോൾ മിനിസ്റ്റർ പറയാൻ പോകുന്നതെന്ന് എനിക്കറിയാം. ആക്ഷേപം കൊടുത്തു കൊള്ളാം, നിങ്ങൾ സഭയിൽ പറയേണ്ട കാര്യം എന്താണെന്നറിയാമോ? പ്രഥമദൃഷ്ട്യാ ഈ പറയുന്ന കാര്യങ്ങളിൽ പ്രശ്നങ്ങളുണ്ടോയെന്നെങ്കിലും പറയാൻ നിങ്ങൾ തയ്യാറാകണം. ഞാൻ ആക്ഷേപം സമർപ്പിച്ചാൽ എന്തുണ്ടാകുമെന്ന് പറയാം. നൂൽപ്പുഴ പഞ്ചായത്തിലെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട് ഇപ്പറഞ്ഞ ഭൂപ്രകൃതിയെല്ലാം തള്ളിക്കളഞ്ഞുകൊണ്ട് ഒന്നാം വാർഡിൽ നിന്നും 72 വീടുകളാണ് രണ്ടാം വാർഡിലേയ്ക്ക് മാറ്റിയത്. ഇതിനെതിരെ ആക്ഷേപം കൊടുത്തു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക്, 18 മിനിറ്റായി. മറ്റുള്ളവർ എന്തിനാണ് സംസാരിക്കുന്നത്. അടിയന്തര പ്രമേയത്തിന് ഇനി എത്ര സമയം വേണം. ഇപ്പോൾ 18 മിനിറ്റ് കഴിഞ്ഞു.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, ആക്ഷേപം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ നിർദ്ദേശം തള്ളി. തള്ളി കളഞ്ഞപ്പോൾ നിങ്ങൾ പിന്നെയും അപ്പീലിന് പോയി. അതിനുശേഷം ഇലക്ഷൻ കമ്മീഷനെ കൊണ്ട്, ഡീ-ലിമിറ്റേഷൻ കമ്മീഷനെ കൊണ്ട് പരിശോധിക്കുന്നതിനുവേണ്ടി വേറൊരു ഉദ്യോഗസ്ഥനെ വച്ചു. നേരത്തെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ പോരാ. പുതിയ ഉദ്യോഗസ്ഥനെ കൊണ്ട് റിപ്പോർട്ട് എഴുതിച്ച് 72 വീടുകളും പഴയ രീതിയിൽ ആക്കുക. ഇതല്ലേ നിങ്ങൾ ചെയ്യാൻ പോകുന്നത്. ആക്ഷേപം സമർപ്പിച്ചിച്ചുണ്ടെങ്കിൽ ഇലക്ഷൻ കമ്മീഷൻ എന്താണ് ചെയ്യുന്നത്? ഇലക്ഷന് തീയതി പ്രഖ്യാപിച്ചിരിക്കുകയല്ലേ. ഈ തോന്ന്യാസം എല്ലാം ചെയ്തിട്ട് ഒരാൾക്കും അത് പരിശോധിക്കാൻ സമയമില്ല. ഇത് ഒരു fake assembly ആക്കി കൊണ്ടുപോകാമെന്ന് കരുതേണ്ട. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുകയാണ്, ഈ ഗൗരവമായ ആക്ഷേപങ്ങളുടെ പശ്ചാത്തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പുനർവിഭജനം അവസാനിപ്പിക്കണം. നിലവിലുള്ള ബ്ലോക്കിലേയ്ക്ക് തിരിച്ചു പോകണം. നിങ്ങൾ ഇത് പഠിച്ച് അതിന്റടിസ്ഥാനത്തിൽ തീരുമാനമെടുക്കുക. മണ്ഡലാടിസ്ഥാനത്തിൽ വേണമെന്ന് നിയമസഭയിൽ പറയുകയും പിന്നീട് വീണ്ടുവിചാരം വരികയും ഇഷ്ടംപോലെ കാര്യങ്ങൾ ചെയ്യുകയും ചെയ്യുക. ഇത്

പാടില്ല, തിരുത്തണം. രണ്ട്, വാർഡിന്റെ ഇലക്ട്ടറൽ ലിസ്റ്റ് ഇല്ലേ; ഇത് ഇങ്ങനെ ചെയ്യാൻ പാടുണ്ടോ? അത് തിരുത്താവുന്നതാണ്. തിരുത്താൻ നിങ്ങൾ തയ്യാറാകണം. സാമുദായികാടിസ്ഥാനത്തിലുള്ള ചേരിതിരിവുണ്ടാക്കുന്ന പുനർ വിഭജനത്തെ തള്ളിക്കളയണമെന്നും, നിറുത്തിവയ്ക്കണമെന്നും ആവശ്യപ്പെടുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, നിയമസഭയിൽ ചേരിതിരിവിന്റെ അടിസ്ഥാനത്തിലുള്ള ആരോപണം ഉന്നയിച്ചുകൊണ്ട് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന സാമുദായിക അന്തരീക്ഷം തകർക്കാൻ പ്രതിപക്ഷം ശ്രമിക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്തു ചെയ്തുവെന്നാണ് നിങ്ങൾ പറയുന്നത്? നിങ്ങൾ ചെയ്ത കാര്യങ്ങൾ ആദ്യം ഞാൻ പറയാം. ഒരു ജനാധിപത്യ വ്യവസ്ഥയിൽ എന്തെല്ലാം നടപടിക്രമങ്ങളുണ്ട്. ആ നടപടിക്രമങ്ങളിൽ നിങ്ങൾ എപ്പോഴെങ്കിലും എവിടെയെങ്കിലും പോയി ഇതിനെക്കുറിച്ച് സംസാരി ച്ചിട്ടുണ്ടോ; ഇന്ന് കോടതിയിൽ 69 കേസുകൾ ഉണ്ട്. ആ അറുപത്തി യൊൻപത് കേസുകളിൽ സാമുദായികമായി പഞ്ചായത്ത് വിഭജിച്ചുവെന്ന് പറഞ്ഞ് നിങ്ങൾ കേസ് കൊടുത്തിട്ടുണ്ടോ; എന്തുകൊണ്ട് കൊടുത്തില്ല?

ഡോ. ടി.എം. തോമസ് ഐസക്: ഇങ്ങനെ പറയാൻ നാണമുണ്ടോ മിനിസ്റ്റർ?

ഡോ. എം. കെ. മുനീർ: എന്നെ നാണവും നാണക്കേടും പഠിപ്പിക്കേണ്ട. ഈ രാജ്യത്ത് ഇതെല്ലാം ചെയ്തത് നിങ്ങളുടെ കാലഘട്ടത്തിലാണ്. കാനേഷുമാരി കണക്കനുസരിച്ചിട്ടല്ലേ വാർഡുകൾ വിഭജിക്കേണ്ടിയിരുന്നത്; 2010-ൽ നിങ്ങൾ എന്ത് അടിസ്ഥാനത്തിലാണ് വാർഡ് വിഭജിച്ചത്; അന്ന് കാനേഷുമാരി ഉണ്ടായിരുന്നോ? കാനേഷുമാരി അനുസരിച്ചിട്ടുള്ള വിഭജനം മുൻപ് നടന്നു. 2011-ൽ ഞങ്ങൾ അധികാരത്തിൽ വന്ന സമയത്ത്, 2011-ലെ സെൻസസ് അനുസരിച്ച് ഞങ്ങൾക്ക് വേണമെങ്കിൽ എല്ലാ വാർഡുകളും വിഭജിക്കാമായിരുന്നു. പക്ഷെ ഞങ്ങൾ ചെയ്തിട്ടില്ല. അങ്ങനെ വാർഡ് വിഭജിച്ചുകഴിഞ്ഞാൽ നിങ്ങൾ ഈ പറയുന്ന ഒരു പരാതിയും ഉണ്ടാവുകയില്ല. 2010-ൽ നിങ്ങൾ ചെയ്തതുകൊണ്ടാണ് ഞങ്ങൾ അത് ചെയ്യാതിരുന്നത്. അതുകൊണ്ട് എവിടെയൊക്കെ പുതിയ പഞ്ചായത്തുകൾ വേണമോ അവിടെയൊക്കെ മാത്രമേ വാർഡ് വിഭജനം നടത്തിയിട്ടുള്ളൂ. നിങ്ങൾ ആദ്യം കാര്യം പഠിച്ചിട്ടു വരൂ. ആ സ്ഥലത്ത് വളരെ അശാസ്ത്രീയത ഉണ്ടായിരുന്നു. അതിനുള്ള ഉദാഹരണങ്ങൾ പറഞ്ഞു തരാം. കുളത്തൂപ്പുഴ പഞ്ചായത്തിലെ റോസ്മല വാർഡ്. റോസ്മല വാർഡ് ആര്യങ്കാവും കഴിഞ്ഞിട്ടായിരുന്നു.

അതിനിടയിൽ തെന്മല വാർഡും ഒരു ഡാമും ഉണ്ട്. അതിനുമുൻപുള്ള രീതിയിൽ റോസ്മല പഞ്ചായത്തിൽ നിന്നുമുള്ള ഒരു വാർഡ് ഉണ്ടായിരുന്നത് ആര്യങ്കാവിന് അപ്പുറമായിരുന്നു. അതിനെ ആര്യങ്കാവിലേയ്ക്ക് മാറ്റി. അതുകൊണ്ട് എന്തുണ്ടായി? ആര്യങ്കാവിലുള്ളവർക്ക് അവിടേയ്ക്ക് വരാനുള്ള സൗകര്യമുണ്ടായി. അങ്ങനെ ചുറ്റിത്തിരിഞ്ഞു വരുന്ന ധാരാളം കാര്യങ്ങൾ... ഇപ്പറഞ്ഞതുപോലെ കുറച്ചുവാർഡുമാത്രം ഒറ്റപ്പെട്ടു നിന്നിരുന്ന സാഹചര്യത്തെ മാറ്റി ശാസ്ത്രീയമാക്കുകയാണ് ചെയ്തത്. നിങ്ങളുടെ കാലഘട്ടത്തിൽ എത്ര കേസുകൾ ഉണ്ടായിരുന്നു? നിങ്ങളുടെ കാലഘട്ടത്തിൽ 350 കേസുകൾ കോടതിയിൽ ഉണ്ടായിരുന്നു. ഞങ്ങളുടെ കാലഘട്ടത്തിൽ 60 കേസുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിൽ നിന്നുതന്നെ നിങ്ങളുടെ കാലഘട്ടത്തിലുള്ളതായിരുന്നോ ശാസ്ത്രീയം ഞങ്ങളുടെ കാലഘട്ടത്തിലുള്ളതാണോ ശാസ്ത്രീയമെന്ന് നിങ്ങൾ കണ്ടുപിടിക്കുക. ഇപ്രാവശ്യം മൂവായിരം പരാതികൾ ഞങ്ങൾക്ക് കിട്ടി. നിങ്ങളുടെ കാലഘട്ടത്തിൽ പതിനായിരത്തിലധികം പരാതികൾ ഉണ്ടായിരുന്നു. അപ്പോൾ എന്തുകൊണ്ട് ഇത്തരത്തിലുള്ള അശാസ്ത്രീയമായുള്ള...... ഇപ്പോൾ നിങ്ങൾ അരുവിക്കര തെരഞ്ഞെടുപ്പിനുശേഷം നിങ്ങളുടെ കാർഡ് മാറ്റിക്കളിക്കുന്നതിനുവേണ്ടി നിങ്ങൾ എടുക്കുന്ന നിലപാടാണ് ഇതെങ്കിൽ നിങ്ങൾ തീക്കൊള്ളി കൊണ്ട് ചൊറിയുകയാണ്

എന്നുള്ളത് ഞാൻ നിങ്ങൾക്ക് ഒരു മുന്നറിയിപ്പായി നൽകാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾക്ക് ജമാ-അത്തെ ഇസ്ലാമിയുടെയും എസ്.ഡി.പി.ഐ.-യുടെയും പിന്തുണയാണ് വേണ്ടതെങ്കിൽ അത് മുസ്ലീം ലീഗിന്റെ ചെലവിൽ നടത്തേണ്ട എന്നുള്ളത് മാത്രമേ എനിക്ക് പറയാനുള്ളൂ. ഇവിടെ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയം സംസാരിക്കേണ്ടത് ശ്രീ. കെ. സി. ജോസഫാണ്. അദ്ദേഹം അത് സംസാരിക്കും. പക്ഷെ ലീഗ് എന്നുപറയുന്നത് ഒന്നുമാത്രമല്ല, നിങ്ങളുടെയും പരാതികൾ, ഇവിടെ ഈ നിയമസഭയിൽ എത്രപേർ പരാതി നൽകി. എറണാകുളം, കവലങ്ങാട് നേര്യമംഗലം, ശ്രീ. ടി.യു. കുരുവിള, എറണാകുളം-തൃക്കരിപ്പൂർ, ശ്രീ. ടി.യു. കുരുവിള, തൃശ്ശൂരിൽ ശ്രീ. കെ. രാധാകൃഷ്ണൻ, തൃശ്ശൂരിൽ മറ്റത്തൂർ-പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീ. ബി.ഡി. ദേവസ്സി, നിങ്ങളൊക്കെ നിയമസഭയിൽ സബ്മിഷൻ കൊണ്ടുവന്നിട്ടുള്ള പഞ്ചായത്തുകൾ നിങ്ങൾ പറഞ്ഞതനുസരിച്ച് ഉണ്ടാക്കിയതാണ്. നിങ്ങളുടെ കാലഘട്ടത്തിൽ ആരെങ്കിലും അങ്ങനെ ചെയ്യുമായിരുന്നോ? ഏതെങ്കിലും കാലഘട്ടത്തിൽ ചെയ്തിട്ടുണ്ടോ? മാത്രമല്ല നിങ്ങളുടെ കാലഘട്ടത്തിൽ പരമാവധി വാർഡുകളുടെ എണ്ണം എത്രയായിരുന്നു; അത് വർദ്ധിപ്പിച്ചതാരാണ്? പരമാവധി 12 വാർഡുകളുണ്ടായിരുന്നത് നിങ്ങളുടെ കാലഘട്ടത്തിലാണ് പതിമൂന്നാക്കിയത്.

പരമാവധി ഇരുപത്തിരണ്ട് വാർഡുകളുള്ളത് നിങ്ങളുടെ കാലഘട്ടത്തിലാണ് ഇരുപത്തിമൂന്നാക്കിയത്. പക്ഷേ ഞങ്ങളുടെ കാലഘട്ടത്തിൽ ഞങ്ങളത് തൊട്ടിട്ടില്ല. അത് തൊട്ടിരുന്നുവെങ്കിൽ നിങ്ങൾ ഇപ്പോൾ പറയുന്ന പരാതികളൊക്കെ മറികടക്കുന്ന രീതിയിൽ ചെയ്യാമായിരുന്നു. പക്ഷേ വളരെ മാന്യമായി, നിങ്ങൾ തൊട്ടിട്ടുള്ള കാര്യങ്ങളിലൊന്നും തൊടാതെ, വളരെ ശാസ്ത്രീയമായ രീതിയിൽ കാര്യങ്ങൾ ചെയ്യുവെന്നുള്ളതാണ് ഞങ്ങൾ ചെയ്തിട്ടുള്ള തെറ്റ്. ഡീലിമിറ്റേഷൻ കമ്മിറ്റിക്ക് വേറെയൊരാൾ റിപ്പോർട്ട് ചെയ്താൽ ഡീലിമിറ്റേഷൻ കമ്മിറ്റി മിണ്ടാതിരിക്കുമെന്ന് നിങ്ങൾ ഇവിടെപ്പറഞ്ഞല്ലോ; ഡീലിമിറ്റേഷൻ കമ്മിറ്റിക്ക് യാതൊരു അധികാരവുമില്ലേ? അതിന് നേതൃത്വം കൊടുക്കുന്നത് തെരഞ്ഞെടുപ്പ് കമ്മീഷനാണ്. നിങ്ങളുടെ കാലഘട്ടത്തിൽ നിങ്ങൾ വച്ചിട്ടുള്ള തെരഞ്ഞെടുപ്പ് കമ്മീഷനാണത്. അതിലെ ഉദ്യോഗസ്ഥന്മാർ നോക്കുകുത്തിയായി ഇരിക്കുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? മാത്രവുമല്ല ഇപ്പോഴും അന്തിമ തീരുമാനമായിട്ടില്ല. ഡീലിമിറ്റേഷൻ കമ്മിറ്റി കൂടാൻ ഇരിക്കുന്നതേയുള്ളൂ. അപ്പോഴേയ്ക്കും ഇതൊക്കെ നടന്നുകഴിഞ്ഞുവെന്ന് എങ്ങനെയാണ് നിങ്ങൾ മുൻകൂട്ടി പറയുന്നത്? ഡീലിമിറ്റേഷൻ കമ്മിറ്റിയുടേയും റിപ്പോർട്ട് വന്നശേഷം മാത്രമേ അന്തിമമായി എന്താണ് തീരുമാനിച്ചതെന്ന് പറയാൻ പറ്റുകയുള്ളൂ.

ശ്രീമതി കെ. കെ. ലതിക : എന്റെ മണ്ഡലത്തിൽ മണിയൂർ പഞ്ചായത്ത് വിഭജിച്ച് മണിയൂരും പാലയാടുമാക്കി മാറ്റി. പാലയാടിൽനിന്നും മൂന്ന് പെറ്റീഷൻ മാത്രമാണ് തന്നിട്ടുള്ളത്. ആ പെറ്റീഷൻ അവിടെയുള്ള അന്വേഷണ ഉദ്യോഗസ്ഥന് നേരിട്ടുതന്നെ കൊടുത്തിട്ട് ആ പരാതി വേറെയാളിന്റെ പേരിൽ പുനഃസൃഷ്ടിക്കുകയാണ്. പെറ്റീഷൻ കൊടുത്ത ആളിന്റെ പേര് വെട്ടാൻ മറന്നുപോയി. എല്ലാ സ്ഥലത്തും പരാതി തന്നിട്ടുണ്ട്.

ഡോ. എം. കെ. മുനീർ : മെമ്പർക്ക് യാതൊരു സംശയവും വേണ്ട, പരാതി തന്നിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിഹരിക്കും. പല സ്ഥലത്തും പല പാളിച്ചകളും വന്നിട്ടുണ്ടാകാം, ഇല്ലെന്ന് പറയുന്നില്ല. ഞങ്ങൾ ഇവിടിരുന്ന് മൈക്രോസ്കോപ്പുമെടുത്ത് എല്ലാ സ്ഥലത്തേയും വിഭജനം നടത്തുകയല്ല. ഓരോ സ്ഥലത്തുനിന്നും കിട്ടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി : സർ, പുതിയ കഴക്കൂട്ടം മുനിസിപ്പാലിറ്റിയുടെ വാർഡ് ഡിവിഷൻ ഗവൺമെന്റ് നിർദ്ദേശപ്രകാരമുള്ള ഉദ്യോഗസ്ഥന്മാർ തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് കൊടുത്തപ്പോൾ അത് വലിച്ചുകീറി കളഞ്ഞശേഷം വേറെ ചില കേന്ദ്രങ്ങൾ തയ്യാറാക്കിയ വാർഡുകളാണ് ഇപ്പോൾ ഔദ്യോഗികമായി

പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എം. കെ. മുനീർ : കീറിക്കളഞ്ഞത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോഴിക്കോട് കോർപ്പറേഷൻ നഷ്ടപ്പെടുമെന്ന് കണ്ടപ്പോൾ കോഴിക്കോട് കോർപ്പറേഷനിലേയ്ക്ക് നിങ്ങൾ രണ്ട് പഞ്ചായത്തിന്റെ ഭാഗങ്ങൾ കൊണ്ടുവന്ന് കൂട്ടിച്ചേർത്തത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുപോലെ, നിങ്ങളുടെ കാലഘട്ടത്തിൽ നിങ്ങൾ ചെയ്ത പല കാര്യങ്ങളും ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതെല്ലാം ഇവിടെ വിളിച്ചുപറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. കാരണം ഇതൊരു രാഷ്ട്രീയ ഡിബേറ്റല്ല. പക്ഷേ നിങ്ങൾ ഇതിനെ രാഷ്ട്രീയ ഡിബേറ്റ് മാത്രമല്ല സാമുദായിക ഡിബേറ്റുകൂടിയാക്കാൻ ശ്രമിച്ചത് അങ്ങേയറ്റം വേദനാജനകമായിട്ടുള്ള കാര്യമാണ്. ഈ ജനാധിപത്യ കേരളത്തിൽ ഇനിയും വിഭാഗീയതയുണ്ടാക്കാനാണ് നിങ്ങൾ ശ്രമിക്കുന്നതെങ്കിൽ, എനിക്ക് പറയാനുള്ളത് ബി.ജെ.പി യുടെ 'ബി' ടീമായി കളിക്കേണ്ടവരല്ല മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. ഇവിടുത്തെ മതേതരത്വം കാത്തുസൂക്ഷിക്കുന്നതിനും സമുദായസ്പർദ്ധ ഇല്ലാതാക്കാനും പ്രവർത്തിക്കേണ്ട ആളുകളാണ് നിങ്ങൾ. മുസ്ലീം വാർഡ്, ക്രിസ്ത്യൻ വാർഡ്, ഹിന്ദുവാർഡ് എന്നൊക്കെ പറയുന്ന ഒരവസ്ഥ കേരളത്തിലുണ്ടാക്കാൻ ഐക്യജനാധിപത്യമുന്നണിയെ കിട്ടില്ല. പക്ഷേ ശാസ്ത്രീയമായി വിഭജിക്കുമ്പോൾ, അവിടുത്തെ പോപ്പുലേഷനിൽ ഇത്രയുംപേർ

മുസ്ലീം വിഭാഗത്തിലുള്ളവർ മാത്രമാണെന്നും അതുകൊണ്ട് കുറച്ചുപേർ ഇവിടുന്ന് മാറിത്തരണമെന്നും അവിടെ ഹിന്ദുക്കളെ കൊണ്ടുവന്ന് താമസിപ്പിക്കണമെന്നും അതല്ലെങ്കിൽ ഹിന്ദുക്കൾ മാറി മുസ്ലീങ്ങൾ താമസിക്കണമെന്നുമുള്ള രീതിയിൽ ആളുകളെ മാറ്റിത്താമസിപ്പിക്കാൻ ഞങ്ങൾക്ക് സാദ്ധ്യമല്ല. ......(ബഹളം) .......

മി. സ്പീക്കർ: ഇങ്ങനെ ബഹളം വയ്ക്കുന്നത് ശരിയായ നടപടിയല്ല. ബഹുമാനപ്പെട്ട മന്ത്രിയെ മറുപടി പറയാൻ അനുവദിക്കേണ്ടേ?

ഡോ. എം. കെ. മുനീർ : അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. മാത്രവുമല്ല ഇന്നത്തെ ഈ അടിയന്തരപ്രമേയം കേരളത്തെ സംബന്ധിച്ചിടത്തോളം ലജ്ജാകരമായി തലകുനിച്ചുനിൽക്കേണ്ട ഒരവസ്ഥയുണ്ടാക്കിയിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികയും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി ജോസഫ് ): ഇവിടെ ചർച്ച അവതരിപ്പിച്ച ഡോ. തോമസ് ഐസക് പ്രധാനമായും ബ്ലോക്ക് ഡിവിഷനെയാണ് പരാമർശിച്ചത്. അദ്ദേഹം മനസിലാക്കാനുള്ള ഒരു കാര്യം, നിലവിൽ കേരളത്തിൽ 152 വികസന ബ്ലോക്കുകളുണ്ട്. .........(ബഹളം).......

ശ്രീ. എ. കെ. ബാലൻ: സർ, പാലക്കാട് ജില്ലയിലെ ആലത്തൂർ മണ്ഡലത്തിലെ

പതിനൊന്ന് പഞ്ചായത്തുകളിലായി 2,94,000 വോട്ടുകളും അതിനടുത്തുള്ള നെന്മാറ ബ്ലോക്കിൽ 1,25,000 വോട്ടുകളും തൊട്ടടുത്ത കൊല്ലങ്കോട് ബ്ലോക്കിൽ 1,25,000 വോട്ടുകളുമാണുള്ളത്. ഒന്നേമുക്കാൽ ലക്ഷം വോട്ടിന്റെ വ്യത്യാസം മാത്രമല്ല ഒരു സ്ഥലത്ത് അഞ്ച് പഞ്ചായത്തുകളും മറ്റുസ്ഥലത്ത് 11 പഞ്ചായത്തുകളുമാണ്. എന്ത് മര്യാദയാണിത്?

ശ്രീ. കെ. സി. ജോസഫ് : നിലവിൽ കേരളത്തിൽ 152 വികസന ബ്ലോക്കുകളാണുള്ളത്. ഇത്തവണ ബ്ലോക്ക് പുനഃസംഘടനയിൽ മൂന്ന് മാനദണ്ഡങ്ങളാണ് പ്രധാനമായും വച്ചത്. കഴിയുന്നിടത്തോളം ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു ബ്ലോക്കുണ്ടാകണം. അതിന് കഴിയില്ലെങ്കിൽ രണ്ട് ബ്ലോക്കുകളാകാം. ഒരു സാഹചര്യത്തിലും മൂന്ന് ബ്ലോക്കിലേറെ ഒരു അസംബ്ലി മണ്ഡലത്തിലുണ്ടാകാൻ പാടില്ല. ഇന്ന് കഴക്കൂട്ടം മുനിസിപ്പാലിറ്റിയായി. കഴക്കൂട്ടം, വട്ടിയൂർക്കാവ്, തിരുവനന്തപുരം, നേമം എന്നീ അസംബ്ലി മണ്ഡലങ്ങൾ പൂർണ്ണമായും മുനിസിപ്പൽ അതിർത്തിയിലാണ്. എറണാകുളം ജില്ലയിലെ തൃക്കാക്കര, തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് (നോർത്തും സൗത്തും) നിയോജകമണ്ഡലങ്ങൾ പൂർണ്ണമായും മുനിസിപ്പൽ ഏരിയയാണ്. അവിടെ ബ്ലോക്കിന്റെ ആവശ്യമില്ല. അങ്ങനെ വരുമ്പോൾ 132 അസംബ്ലി മണ്ഡലങ്ങളും 152

ബ്ലോക്കുകളുമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് പ്രശ്നങ്ങൾ ആരംഭിച്ചത്. പുനഃസംഘടന പൂർത്തിയാകുന്നതിനുമുമ്പ് കേരളത്തിൽ നാല് അസംബ്ലി മണ്ഡലങ്ങളും നാല് ബ്ലോക്കുകളുമായിരുന്നു - റാന്നി, പാല, ഇടുക്കി, മണലൂർ. അത് പൂർണ്ണമായും ഒഴിവാക്കി. നാല് ബ്ലോക്കുകൾ ഇപ്പോൾ കേരളത്തിലെ ഒരു അസംബ്ലി മണ്ഡലത്തിലുമില്ല. പുനഃസംഘടനയ്ക്കുമുമ്പ് കേരളത്തിൽ 50 അസംബ്ലി മണ്ഡലങ്ങളിൽ മൂന്ന് ബ്ലോക്കുകളുണ്ടായിരുന്നു. അത് ഒഴിവാക്കി. ഇപ്പോൾ കാഞ്ഞിരപ്പള്ളിയിലും ചിറയിൻകീഴും മാത്രമാണ് മൂന്ന് ബ്ലോക്കുകളുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കുത്തുപറമ്പ്, തലശ്ശേരി, എടയ്ക്കാട് ധർമ്മടം എന്നീ മണ്ഡലങ്ങൾ ചേർന്നതാണ് തലശ്ശേരി ബ്ലോക്ക്. വസ്തുതകളല്ല അങ്ങ് പറയുന്നത്.

ശ്രീ. കെ. സി ജോസഫ് : പുനഃസംഘടനയ്ക്കുമുമ്പ് 20 അസംബ്ലി മണ്ഡലങ്ങളിൽ ഓരോ ബ്ലോക്ക് വീതമായിരുന്നു. ഇപ്പോൾ 70 മണ്ഡലങ്ങളിൽ ഒന്നുവീതമാക്കി. 58 കോൺസ്റ്റിറ്റ്യൻസിയിൽ രണ്ട് ബ്ലോക്കുകൾ വീതമായിരുന്നു. ഇപ്പോൾ 60 കോൺസ്റ്റിറ്റ്യൻസികളിൽ രണ്ട് വീതമാക്കി. ഈ അടിസ്ഥാനത്തിലാണ് മുന്നോട്ടുപോയത്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: പേരാമ്പ്ര മണ്ഡലം പന്തലായനി, മേലടി,

പേരാമ്പ്ര തുടങ്ങി മൂന്ന് ബ്ലോക്കുകളിലായിട്ടാണ് ഇപ്പോൾ നിങ്ങളുണ്ടാക്കിയത്.

ശ്രീ. കെ. സി ജോസഫ് : കേരളത്തിൽ ഒരു അസംബ്ലി മണ്ഡലത്തിലും നാല് ബ്ലോക്കുകളില്ല. .......(ബഹളം)...... ഇന്നുവരെയാണ് പരാതി കൊടുക്കാനുള്ള അവസാന തീയതി. ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതുപോലുള്ള കാര്യങ്ങളിൽ പരാതിയുണ്ടെങ്കിൽ പരിശോധിക്കാം. തീർച്ചയായും ഈ ഡീലിമിറ്റേഷനകത്ത് തിരുത്തേണ്ട കാര്യങ്ങളുണ്ടെങ്കിൽ തിരുത്താൻ തയ്യാറാണ്. അപാകതകൾ പരിഹരിക്കും. ഇതിൽ നിർബന്ധബുദ്ധി ആർക്കുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബ്ലോക്കുകൾ പുനർവിഭജനം നടത്തിയതിൽ, പന്ത്രണ്ട് ജില്ലകളിൽ ബ്ലോക്കുകളുടെ എണ്ണത്തിൽ കൂടുതലോ കുറവോ ഇല്ല. എന്നാൽ തൃശ്ശൂർ ജില്ലയിൽ നിന്ന് രണ്ട് ബ്ലോക്ക് കുറച്ചിരിക്കുകയാണ്. മലപ്പുറം ജില്ലയിൽ രണ്ട് ബ്ലോക്ക് വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇതിനെന്താണ് ന്യായീകരണമുള്ളത്; മറ്റ് പന്ത്രണ്ട് ജില്ലകളിലും ഒരു ബ്ലോക്കും കുറച്ചതായി കാണുന്നില്ല. തൃശ്ശൂർ ജില്ലയോട് അവഗണന കാണിച്ചതിന് കാരണമെന്താണ്?

ശ്രീ. കെ. സി. ജോസഫ്: സർ, ഒരു ജില്ലയോടും അവഗണന കാണിച്ചിട്ടില്ല. മലപ്പുറം ജില്ലയിലെ അസംബ്ലിമണ്ഡലങ്ങളുടെ എണ്ണം 12 എണ്ണത്തിൽ നിന്നും 16 ആയി. ഞങ്ങൾ ആക്കിയതല്ല. അതുകൊണ്ടുതന്നെ മലപ്പുറത്ത് ബ്ലോക്ക്

കൂട്ടേണ്ടിവന്നു.

ഡോ. ടി. എം. തോമസ് ഐസക്: സര്‍, മലപ്പുറത്ത് 17 ബ്ലോക്കുകള്‍ ഇല്ലേ; എങ്ങനെയാണത്?

ശ്രീ. കെ. സി. ജോസഫ്: സര്‍, ഉണ്ട്. പല ജില്ലകളിലും അസംബ്ലി മണ്ഡലങ്ങളേക്കാള്‍ ബ്ലോക്കുകള്‍ കൂടുതലുണ്ട്. മലപ്പുറം ജില്ലയില്‍ അസംബ്ലി മണ്ഡലങ്ങളുടെ എണ്ണം വര്‍ദ്ധിച്ചതുകൊണ്ടാണ് ബ്ലോക്കുകള്‍ വര്‍ദ്ധിച്ചത്. ഇവിടെ മനസ്സിലാക്കേണ്ട ഒരു കാര്യം....

ശ്രീ. കോടിയേരി ബാലകൃഷ്ണന്‍: സര്‍, അസംബ്ലി മണ്ഡലങ്ങള്‍ വര്‍ദ്ധിച്ചതാണ് മാനദണ്ഡമെങ്കില്‍ കണ്ണൂരില്‍ ഒരു അസംബ്ലി മണ്ഡലം വര്‍ദ്ധിച്ചിട്ടുണ്ട്. കോഴിക്കോട്ടും പാലക്കാട്ടും വര്‍ദ്ധിച്ചിട്ടുണ്ട്. അവിടെയൊന്നും നിങ്ങള്‍ ബ്ലോക്കുകള്‍ വര്‍ദ്ധിപ്പിക്കാതെ മലപ്പുറത്ത് മാത്രം എങ്ങനെയാണ് ബ്ലോക്ക് വര്‍ദ്ധിപ്പിച്ചത്; ഒരു ന്യായം വേണ്ടേ?

ശ്രീ. കെ. സി. ജോസഫ്: സര്‍, അങ്ങ് മനസ്സിലാക്കേണ്ട കാര്യം കേരളത്തിലെ സാങ്ഷന്‍ഡ് ബ്ലോക്കിന്റെ സ്ട്രെങ്ത് 152 ആണ്. അത് കൂട്ടാന്‍ സാധിക്കില്ല. എവിടെയെങ്കിലും കൂട്ടണമെങ്കില്‍ ചിലയിടത്ത് കുറയ്ക്കണം. അങ്ങ് കഴിഞ്ഞപ്രാവശ്യം കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നല്ലോ; അന്ന് കണ്ണൂര്‍ ജില്ലയിലെ

ബ്ലോക്കുകളെ 9-ൽ നിന്നും 11 ആക്കി. അതിനെന്താണ് മാനദണ്ഡം; തളിപ്പറമ്പ് മുനിസിപ്പാലിറ്റി ജയിക്കാൻവേണ്ടി ആന്തൂർ പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയിൽ കൊണ്ടുവന്നു. എന്താണ് കാര്യം; ഇരിക്കൂർ പഞ്ചായത്ത് സി.പി.ഐ.(എം)-ന് ജയിക്കാൻവേണ്ടി ബൈഫർക്കേറ്റ് ചെയ്ത് മലപ്പട്ടമാക്കി. പോപ്പുലേഷൻ ഇല്ലായിരുന്നു. മുഴക്കുന്ന് പഞ്ചായത്തിനെ വിഭജിച്ച് തില്ലങ്കേരി ഉണ്ടാക്കി. ഇതെല്ലാം രാഷ്ട്രീയമായ കാരണങ്ങളാലാണ്, ഒന്നും മറന്നുപോകരുത്. ഞങ്ങൾ ആ ശൈലി സ്വീകരിച്ചിട്ടില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, മുഴക്കുന്നും തില്ലങ്കേരിയും വിഭജിച്ചിട്ടും രണ്ടിടത്തും സി.പി.ഐ.(എം) ആണ് വിജയിച്ചത്. ഞങ്ങൾക്ക് ജയിക്കാൻ വേണ്ടി ഉണ്ടാക്കിയതല്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, തളിപ്പറമ്പ് മുനിസിപ്പാലിറ്റി യു.ഡി.എഫ്. ഭരിച്ച മുനിസിപ്പാലിറ്റിയാണ്. നിങ്ങൾ ആന്തൂർ കൂട്ടിച്ചേർത്തു. അവിടെ നിങ്ങൾ ജയിച്ചു. ഇരിക്കൂർ പഞ്ചായത്തിൽ ലീഗ് പ്രസിഡന്റായിരുന്നു. അവിടെനിന്ന് മലപ്പട്ടം പഞ്ചായത്ത് മാറ്റിക്കൊണ്ടുപോയി. ആ പഞ്ചായത്തിൽ നിങ്ങൾക്ക് ഭരണം ലഭിച്ചു. ആ ധാരണയൊന്നും ഞങ്ങൾക്കില്ല. ഞാൻ അങ്ങയോടും ഈ സഭയോടും പറയുന്നു ഈ പുന:സംഘടനയിൽ അപാകതകളുണ്ടെങ്കിൽ പരിഹരിക്കാം. ഇന്ന് പരാതി

നൽകാനുള്ള ലാസ്റ്റ് ഡേറ്റാണ്, നിങ്ങൾ പരാതി കൊടുക്കൂ. ഞങ്ങൾ സ്വീകരിച്ച മാനദണ്ഡം കഴിയുന്നിടത്തോളം ഒരു ഒരു അസംബ്ലി മണ്ഡലത്തിലും നാല് ബ്ലോക്കുകൾ പാടില്ല എന്നതാണ്. കഴിയുമെങ്കിൽ ഒരു ബ്ലോക്ക് ആക്കണം. രണ്ടായാലും കുഴപ്പമില്ല. 152 എന്നുള്ള എണ്ണത്തിൽ കൂടാതെ മാറ്റം വരുത്താൻ തയ്യാറാണ്. പക്ഷേ എനിക്കൊരു കാര്യം പറയാനുള്ളത്, ഡോ. ടി. എം. തോമസ് ഐസക്, അങ്ങ് ഒരു സീനിയർ ലീഡറാണ്. അങ്ങ് ഒരു സെക്യുലർ മൈൻഡ് ഉള്ള ആളാണ് എന്ന് കരുതുന്നവരാണ് ഞങ്ങൾ. അങ്ങയെപ്പോലുള്ള ഒരാൾ വളരെ അപകരടകരമായ ശൈലിയിൽ സംസാരിച്ചു. .....(ബഹളം).......വളരെ മോശമായ രീതിയിൽ... മാർക്സിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയ താൽപ്പര്യത്തിനുവേണ്ടി നിങ്ങൾ കൈക്കൊണ്ട സമീപനം കേരളത്തിൽ വർഗ്ഗീയപ്രീണനം നടത്തുകയെന്നതാണ്. ഭൂരിപക്ഷപ്രീണനത്തിനുവേണ്ടി നിങ്ങൾ ലീഗിനെ ഒറ്റപ്പെടുത്തി. ഈ സമീപനം സി.പി.ഐ.(എം)-ന് വിനാശകരമാകും. .....(ബഹളം)....... നിങ്ങൾ അരുവിക്കര കണ്ട് പഠിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ലീഗ് അല്ല മുസ്ലീം കമ്മ്യൂണിറ്റി.

ശ്രീ. കെ. സി. ജോസഫ്: സർ, ഇന്നലെ പത്രസമ്മേളനത്തിൽ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് പുനർവിഭജനം ലീഗിന്റെ

താൽപ്പര്യത്തിനനുസരിച്ചാണെന്നാണ്. പഞ്ചായത്തുകൾ ഉണ്ടാക്കിയത് ലീഗ് അല്ല. .....(ബഹളം)....... പഞ്ചായത്ത് ഉണ്ടാക്കിയത് കേരളത്തിലെ മന്ത്രിസഭയാണ്. മുസ്ലീം ലീഗ് അല്ല. നിങ്ങൾ ലീഗിനെ വേട്ടയാടാൻ നോക്കേണ്ട. ലീഗിനെ കുറ്റംപറഞ്ഞാലും വളരെ അപകടകരമായ രീതിയിൽ, വർഗ്ഗീയമായ ശൈലിയിൽ ഡോ. ടി. എം. തോമസ് ഐസക് സംസാരിച്ചത് ശരിയായില്ല. അങ്ങ് ദയവായി ആ വാക്കുകൾ പിൻവലിക്കണം. അത് കേരളത്തിന് അപകടകരമായ, വിനാശകരമായ ശൈലിയാണെന്ന് പറയാതിരിക്കാൻ തരമില്ല.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (മഞ്ഞളാംകുഴി അലി): സർ, 2010 ജൂൺ 30-ന് അന്നത്തെ പ്രതിപക്ഷ മെമ്പറായിരുന്ന ശ്രീ. കെ. ബാബു ഈ നിയമസഭയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചു. അന്ന് ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയായിരുന്നു വകുപ്പുമന്ത്രി. എന്നാൽ ഡോ. ടി. എം. തോമസ് ഐസക് ആണ് അന്ന് മറുപടി പറഞ്ഞത്. കുറേക്കാര്യങ്ങൾ അദ്ദേഹം പറഞ്ഞിട്ടുണ്ട്. അന്ന് അദ്ദേഹത്തിന്റെ അവസാനത്തെ വാക്കുകൾ, "ഇങ്ങനെ ഒരു ഇൻസിമിനേഷൻ വളരെ ദൗർഭാഗ്യകരമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്" എന്നായിരുന്നു. അങ്ങയെപ്പോലുള്ള ഒരാൾ ഇപ്പോൾ പറഞ്ഞ കാര്യങ്ങൾ ഒരിക്കലും

പറയാൻ പാടുണ്ടായിരുന്നില്ല. അത് പിൻവലിക്കണം എന്നാണ് എനിക്ക് വളരെ വിനയത്തോടുകൂടി അങ്ങയോട് പറയാനുള്ളത്. രണ്ടുകാര്യങ്ങളാണ് അദ്ദേഹം കോർപ്പറേഷനെപ്പറ്റി പറഞ്ഞത്. ഒന്ന്, ചെറുവണ്ണൂർ, നല്ലളം, ബേപ്പൂർ, എലത്തൂർ എന്നീ പഞ്ചായത്തുകൾ കോഴിക്കോട് കോർപ്പറേഷനോടുകൂടി കൂട്ടിച്ചേർത്തത് ഇപ്പോൾ ഡീലിങ് ചെയ്തു. അതുപോലെതന്നെ തിരുവനന്തപുരം കോർപ്പറേഷനോട് ശ്രീകാര്യം, ആറ്റിപ്ര, കഴക്കൂട്ടം പഞ്ചായത്തുകൾ പഴയ കാലത്ത് കൂട്ടിച്ചേർത്തിരുന്നു. അതിപ്പോൾ ഡീലിങ് ചെയ്ത് വേറൊരു മുനിസിപ്പാലിറ്റിയാക്കി. ഒരു മുനിസിപ്പാലിറ്റിയെ പഞ്ചായത്ത് ആക്കാൻ സർക്കാരിന് അധികാരമില്ല. പക്ഷേ കോർപ്പറേഷനിലെ ഒരു ഭാഗം മുനിസിപ്പാലിറ്റി ആക്കാൻ സർക്കാരിന് അധികാരമുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് ഇത് രൂപീകരിച്ചത്. കഴിഞ്ഞ പ്രാവശ്യം എന്തുകൊണ്ടാണ് നിങ്ങൾ പഞ്ചായത്തുകളെ കോർപ്പറേഷനിൽ കൂട്ടിച്ചേർത്തത്; വർഷങ്ങളായി നിങ്ങൾ ഭരിച്ചിരുന്ന ഈ കോർപ്പറേഷൻ നഷ്ടപ്പെടുമെന്ന് ഉറപ്പുണ്ടായിരുന്നതിന്റെയടിസ്ഥാനത്തിലാണ് വലിയ വികസനമൊന്നും എത്താത്ത, കൂടുതലും കർഷകർ മാത്രം താമസിക്കുന്ന ഈ പഞ്ചായത്തുകൾ നിങ്ങൾ മുനിസിപ്പാലിറ്റിയിലേയ്ക്ക് കൊണ്ടുവന്നത്. അത് മനസ്സിലാക്കി കോടതിയിൽ അവർ കേസ്സ് കൊടുത്തു. ധാരാളം ആളുകൾ

ഇതിനെതിരെ ഈയടുത്തകാലത്ത് നൽകിയ നിവേദനമാണിത്(നിവേദനം സഭയിൽ ഉയർത്തിക്കാട്ടി). ആയിരക്കണക്കിനാളുകൾ ഇതിൽ ഒപ്പിട്ടിട്ടുണ്ട്. നിവേദനത്തിൽ പറഞ്ഞിരിക്കുന്നത്, 'തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകൾ 50 ശതമാനം ഫണ്ടുപോലും ചെലവഴിക്കാത്ത കോർപ്പറേഷനുകളാണ്. ഞങ്ങളുടെ കയ്യിൽനിന്നും വാടക പിരിച്ചുകൊണ്ട് വേറെ സ്ഥലങ്ങളിൽ അത് ഉപയോഗിക്കുന്നു, അല്ലെങ്കിൽ ആ തുക ഉപയോഗിക്കുന്നില്ല. അതുകൊണ്ട് ഞങ്ങൾക്ക് ഞങ്ങളുടെ പണം ഇവിടെത്തന്നെ ചെലവഴിക്കണം. അവർ 50 ശതമാനത്തിനുതാഴെയാണ് പ്ലാൻ ഫണ്ട് ഉപയോഗിച്ചത്. അതുകൊണ്ട് ദയവായി ഞങ്ങളെ ഡീലിങ്ക് ചെയ്യണം.' ഇങ്ങനെ ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിലാണ് രണ്ട് കോർപ്പറേഷനുകളെയും ഡീലിങ്ക് ചെയ്തത്. അതിൽ യാതൊരുവിധ തകരാറും ഉണ്ടായിട്ടില്ല. അങ്ങേയ്ക്ക് അറിയാം. പഞ്ചായത്തുകൾ എങ്ങനെ വെട്ടിമുറിച്ചാലും ഭരണം കിട്ടുമെന്ന് നമുക്കാർക്കും പറയാൻ പറ്റില്ല. കഴിഞ്ഞ പ്രാവശ്യം എൽ.ഡി.എഫ്. ചെയ്തത് അങ്ങനെയല്ലേ; എന്നിട്ടും 75 ശതമാനം പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അന്ന് യു.ഡി.എഫ്. ആണ് അധികാരത്തിൽ വന്നത്. അത് നമ്മൾ മനസ്സിലാക്കണം. അല്ലാതെ പഞ്ചായത്തുകൾ അങ്ങോട്ടുമിങ്ങോട്ടും വെട്ടിമുറിച്ചുകൊണ്ട് ഇവിടെ അധികാരത്തിൽ വരാമെന്ന്

ആർക്കും പ്രതീക്ഷയില്ല. അങ്ങനെ വിശ്വസിക്കുകയും വേണ്ട. ഞങ്ങൾ അവിഹിതമായി ഒരു കാര്യവും ചെയ്തിട്ടില്ല. ശ്രീ. പി.കെ. ഗുരുദാസൻ: സർ, നിലവിലുള്ള കൊല്ലം കോർപ്പറേഷനോടൊപ്പം തൃക്കടവൂർ പഞ്ചായത്ത് കൂട്ടിച്ചേർക്കാൻ പാടില്ല എന്നുപറഞ്ഞുകൊണ്ട് ഏകകണ്ഠമായി പ്രമേയം പാസ്സാക്കി. തൃക്കടവൂർ പഞ്ചായത്തും ആ പഞ്ചായത്ത് നിലനിർത്തണമെന്ന് ഏകകണ്ഠമായി പ്രമേയം പാസ്സാക്കി. എന്തുകൊണ്ടാണ് ഇത് രണ്ടുംകൂടി ഇപ്പോൾ കോർപ്പറേഷനാക്കുന്നത്; അതിന് മറുപടി പറയാമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഈ പഞ്ചായത്ത് കോർപ്പറേഷനാക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണം ഈ പഞ്ചായത്ത് നഗരസഭയോട് ബന്ധപ്പെട്ട് കിടക്കുന്നുവെന്നതാണ്. അവിടെ കുറെയധികം വികസനപ്രവർത്തനങ്ങൾ നടത്താൻ സ്വാഭാവികമായും ആ പഞ്ചായത്തിനേക്കാൾ കൂടുതൽ നഗരസഭയ്ക്ക് കഴിയുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് അത് കോർപ്പേറഷനിലേക്ക് കൊണ്ടുവന്നത്. ജനങ്ങളുടെ ആവശ്യമായതുകൊണ്ടാണത്. അവിടെയുള്ള ജനങ്ങൾ നിവേദനങ്ങൾ നൽകി. അങ്ങേയ്ക്ക് വേണമെങ്കിൽ നിവേദനങ്ങളുടെ കോപ്പികൾ ഞാൻ തരാം. നിവേദനങ്ങൾ തന്നതിന്റെയടിസ്ഥാനത്തിൽ മാത്രമാണ് കൂട്ടിച്ചേർത്തത്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഒന്നാമതായി, പഞ്ചായത്ത് /മുനിസിപ്പാലിറ്റി ആക്ടിൽ കോർപ്പറേഷനുകളെ മുനിസിപ്പാലിറ്റികളാക്കാം എന്ന് ഒരു വകുപ്പിലും പറയുന്നില്ല. രണ്ടാമത്തെ കാര്യം, ക്യാബിനറ്റിന് എന്തുവേണമെങ്കിലും തീരുമാനിക്കാം. ഗവൺമെന്റിന്റെ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിച്ചതെന്ന് അങ്ങ് പറഞ്ഞു. ഗവൺമെന്റിന്റെ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മെട്രോ കോർപ്പറേഷൻ വരാൻ പോകുന്നത്?

ശ്രീ. എം. എ. വാഹീദ്: സർ, കഴക്കൂട്ടം മുനിസിപ്പാലിറ്റി വേണമെന്നുള്ളത് അവിടത്തെ ജനങ്ങളുടെ ആവശ്യമാണ്. ജനങ്ങൾ ഒരുപാട് നിവേദനം യു.ഡി.എഫ്. സർക്കാരിന് കൊടുത്തു. അതിന്റെയടിസ്ഥാനത്തിലാണ് യു.ഡി.എഫ്. സർക്കാർ അങ്ങനെയൊരു മുനിസിപ്പാലിറ്റി വേണമെന്ന് തീരുമാനിച്ചത്. കഴക്കൂട്ടം മുനിസിപ്പാലിറ്റിയോടുചേർത്ത മൂന്ന് പഞ്ചായത്തുകളും സി.പി.ഐ.(എം) ഭരിച്ചിരുന്ന പഞ്ചായത്തുകളാണ്. കോൺഗ്രസ് ഭരിച്ച പഞ്ചായത്തുകളല്ല. അതിനെ ഇവർ എതിർക്കുന്നത് വളരെ കഷ്ടമാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ പറഞ്ഞുതീർന്നില്ല. അങ്ങ് പറഞ്ഞ ഒരു സ്റ്റേറ്റ്മെന്റ് തെറ്റാണ് എന്നാണ് ഞാൻ പറഞ്ഞത്. അത് ഒന്നുകൂടി പരിശോധിക്കണം. ഈ കോർപ്പറേഷനുകൾ 50 ശതമാനം മാത്രമേ ഫണ്ട്

ചെലവഴിച്ചുള്ളൂ എന്ന് അങ്ങ് പറഞ്ഞത് ഒന്നുകൂടി പരിശോധിക്കണം. അഥവാ അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ അത് അങ്ങയുടെകൂടി കുഴപ്പംകൊണ്ടാണ്. ഇപ്പോൾ ഡിവൈഡ് ചെയ്തതനുസരിച്ച് തിരുവനന്തപുരം കോർപ്പറേഷനിൽ 99 വാർഡുകളുണ്ട്. അതിൽ ഒന്നാമത്തെ വാർഡിലുള്ള വോട്ടർമാർ പത്താമത്തെ വാർഡിലും പത്താമത്തെ വാർഡിലുള്ള വോട്ടർമാർ ഇരുപതാമത്തെ വാർഡിലും ഇരുപതാമത്തെ വാർഡിലുള്ള വോട്ടർമാർ തൊണ്ണൂറ്റിയൊമ്പതാമത്തെ വാർഡിലുമാണ് വോട്ടുചെയ്യാൻ പോകേണ്ടത്. വാർഡ് വിഭജനം ആകെ അലങ്കോലമായിരിക്കുകയാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> ബഹുമാനപ്പെട്ട വി. ശിവൻകുട്ടി, അങ്ങ് അഞ്ച് വർഷം തിരുവനന്തപുരം കോർപ്പറേഷൻ മേയർ ആയിരുന്നല്ലോ; മുനിസിപ്പൽ റൂൾസിൽ എന്താണ് എഴുതിവച്ചിരിക്കുന്നതെന്ന് അങ്ങേയ്ക്ക് അറിയാവുന്നതല്ലേ? കോർപ്പറേഷൻ മുനിസിപ്പാലിറ്റിയാക്കാം. എന്നാൽ മുനിസിപ്പാലിറ്റിയെ പഞ്ചായത്ത് ആക്കാൻ പറ്റില്ല. കോർപ്പറേഷനും മുനിസിപ്പാലിറ്റിക്കും ഒരേ റാങ്കാണുള്ളത്. അത് വളരെ കൃത്യമായി എഴുതിവച്ചിട്ടുണ്ട്. അങ്ങ് ഒരു മേയറായിരുന്നു, അത് മനസ്സിലാക്കണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> കോർപ്പറേഷൻ പ്രദേശത്തെ

മുനിസിപ്പാലിറ്റിയാക്കാമെന്ന് ഏത് വകുപ്പിലാണ് പറയുന്നത്; അത് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മുനിസിപ്പൽ റൂൾസിൽ അതിന്റെ കാര്യങ്ങൾ വളരെ കൃത്യമായുണ്ട്. ഇപ്പോൾ എന്റെ കൈവശം മുനിസിപ്പൽ റൂൾസില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന് അതിന്റെ രേഖകൾ പിന്നീട് കാണിച്ചുതരാം.

ശ്രീ. എ. പ്രദീപ്കുമാർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ വളരെ സങ്കുചിതമായ നിലപാട് സ്വീകരിച്ചു. കഴിഞ്ഞ തവണ ബേപ്പൂർ, ചെറുവണ്ണൂർ, എലത്തൂർ പഞ്ചായത്തുകൾ കൂട്ടിച്ചേർത്തത് ഞങ്ങൾക്ക് ഇലക്ഷൻ ജയിക്കാൻ വേണ്ടിയാണെന്നാണ് അങ്ങ് പറഞ്ഞത്. കോർപ്പറേഷനുകളുടെ വിസ്തൃതി, ജനസംഖ്യ എന്നിവ കുറവാണെന്നുപറഞ്ഞാണ് GNNURM ഉൾപ്പടെയുള്ള പല കേന്ദ്രാവിഷ്കൃത പദ്ധതികളും നമുക്ക് കിട്ടാതെപോയതെന്ന് നഗരകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങേയ്ക്കറിയാവുന്ന ഒരു കാര്യമാണ്. കോഴിക്കോട് ജില്ലയിലെ ഇൻഡസ്ട്രിയൽ ബെൽറ്റായ ചെറുവണ്ണൂർ ഏരിയയും തുറമുഖ ഏരിയയായ ബേപ്പൂരും കൂട്ടിച്ചേർത്തത് ഇതിന്റെ ഭാഗമായാണ്. നിങ്ങൾക്ക് വേണമെങ്കിൽ ഇനിയും അതിന്റെ വിസ്തൃതി കൂട്ടാം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്നിട്ട് എന്താണ് അഡീഷണലായി കിട്ടിയത്; ആ ഒരു ധാരണ ശരിയല്ല. മെട്രൊപോളിറ്റൻ സിറ്റിയെന്നുപറഞ്ഞാൽ പത്ത് ലക്ഷത്തോളം ജനസംഖ്യ വേണം. കുറെയധികം ഭാഗങ്ങൾ കൂട്ടിച്ചേർത്താലാണ് കോഴിക്കോട് പത്ത് ലക്ഷം വരുക. എന്തുകൊണ്ടാണ് ആ ഭാഗങ്ങളൊക്കെ കൂട്ടിച്ചേർത്തതെന്ന് നമുക്കെല്ലാം അറിയാം. അതുകൊണ്ട് ഞാൻ അതിന്റെ കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ മാറ്റങ്ങൾ വരുത്തുന്നതുകൊണ്ട് കേന്ദ്ര സർക്കാരിന്റെ ഒരു സഹായവും നമുക്ക് കുറയില്ല. അത് 100 ശതമാനം ഉറപ്പാക്കാനുള്ള എല്ലാ പ്രവൃത്തികളും സർക്കാർ ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ വിഷയം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഡോ. ടി. എം. തോമസ് ഐസക് ബ്ലോക്കുകളുടെ പുന:സംഘടന സംബന്ധിച്ച് കുറെ കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. ജനങ്ങളിൽ നിന്നുള്ള പരാതികൾ ക്ഷണിച്ചുകൊണ്ടുള്ള കരട് രൂപമാണ് കൊടുത്തിരിക്കുന്നത്. അതുസംബന്ധിച്ച പരാതികൾ കൊടുക്കാൻ ഇന്നുകൂടി സമയമുണ്ട്. ആ പരാതികളെല്ലാം പരിശോധിക്കും. അതിനുപുറമെ അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങളും പരിശോധിക്കാൻ പ്രത്യേകമായി പറയാം. അപാകതകൾ ഉണ്ടെങ്കിൽ തിരുത്താം. എന്നാൽ പുന:സംഘടനയേ പാടില്ലായെന്ന്

പറയുന്നതിനോട് യോജിപ്പില്ല. 152 ബ്ലോക്കുകൾ എന്നത് നമുക്ക് കുറയ്ക്കാൻ പറ്റില്ല. ഒരു നിയോജകമണ്ഡലത്തിൽ ഒന്നുവീതം ആയാൽ 152 ബ്ലോക്കുകൾ കിട്ടില്ല. ചില നിയോജകമണ്ഡലങ്ങളിൽ നാല് ബ്ലോക്കുകൾ വരെയുള്ള സ്ഥിതിയാണ് ഇന്നുള്ളത്. അത് മാറ്റി കഴിയുന്നത്ര ഒരു ബ്ലോക്ക് എന്ന രീതിയിലാകണം. ഇപ്പോൾ 70 നിയോജകമണ്ഡലങ്ങളിൽ ഒരു ബ്ലോക്ക് വീതം ആയിട്ടുണ്ട്. ചിലതിൽ രണ്ടും ചുരുക്കം ചിലതിൽ മൂന്ന് ബ്ലോക്കുകളും വരുന്ന സ്ഥിതിയിലുള്ള ഒരു പുന:സംഘടനയാണ് ഉദ്ദേശിക്കുന്നത്. ഡോ. ടി. എം. തോമസ് ഐസക്, അങ്ങ് ഈ വിഭജനത്തിന് മറ്റൊരു രൂപം കൊടുക്കാൻ ശ്രമിച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി. അങ്ങ് ചോദിച്ച ഒരു ചോദ്യം, മലപ്പുറം ജില്ലിയിൽ രണ്ട് അധിക ബ്ലോക്കുകൾ എങ്ങനെ വന്നുവെന്നാണ്. ആ ചോദ്യത്തിന്റെ പിന്നിലുള്ള ദു:സൂചന എല്ലാവർക്കും മനസ്സിലാകും. മലപ്പുറത്ത് എങ്ങനെയാണ് നാല് പുതിയ അസംബ്ലി നിയോജകമണ്ഡലങ്ങൾ വന്നത്; അത് ഞങ്ങൾ അല്ലല്ലോ ചെയ്തത്? കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡീലിമിറ്റേഷൻ കമ്മീഷൻ എല്ലാവരുടെയും അഭിപ്രായം കേട്ടതിനുശേഷം ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ നാല് പുതിയ അസംബ്ലി നിയോജകമണ്ഡലങ്ങൾ അനുവദിച്ച മാനദണ്ഡം എല്ലാവർക്കും അറിയാം. അതിന് ദു:സൂചന നൽകുന്ന വിധത്തിലൊരു

പ്രസ്താവന ചെയ്തത് വളരെ മോശമായിപ്പോയി. ഇന്നലെ ഇടതുമുന്നണിയിലെ ഒരു പ്രമുഖ ഘടകകക്ഷിനേതാവിന്റെ പ്രസ്താവന പത്രത്തിൽ വന്നിട്ടുണ്ട്. ഇന്ന് അങ്ങയുടെ ഇവിടുത്തെ ദു:സൂചന കൂടി കണ്ടപ്പോൾ നിങ്ങൾ ഏത് വഴിക്കാണ് നീങ്ങുന്നതെന്ന കാര്യം മനസ്സിലായി. അത് ഈ കേരളത്തിൽ വേണോ എന്നുള്ളത് നിങ്ങൾ ചിന്തിക്കുന്നത് നല്ലതാണ്. പോരായ്മകൾ വന്നിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചുകൊള്ളൂ, അത് പരിശോധിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ, വാർഡ് വിഭജനത്തിന്റെയും ബ്ലോക്ക് വിഭജനത്തിന്റെയും പേരിൽ വിഭാഗീയ ചിന്താഗതി ഉണ്ടാക്കാൻ ശ്രമിച്ചാൽ കേരളം ഇതുപോലുള്ള പ്രചാരണത്തിലൊന്നും വീഴില്ല. അതിനപ്പുറത്തുള്ള കാഴ്ചപ്പാടാണ് കേരളത്തിലെ ജനങ്ങൾക്കുള്ളതെന്ന് മനസ്സിലാക്കണം. എന്തെങ്കിലും കുറവുകളോ പോരായ്മകളോ ഉണ്ടെങ്കിൽ തിരുത്തുമെന്നുകൂടി പറയാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാന്യരായ മന്ത്രിമാരുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, പഞ്ചായത്ത്/

മുനിസിപ്പൽ ആക്ടിലെ നാലാം വകുപ്പ് അനുസരിച്ചാണല്ലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതും അത് അപ്ഗ്രേഡ് ചെയ്യുന്നതും. അതാകട്ടെ സർക്കാരിന്റെ പൂർണ്ണചുമതലയിൽ നടത്തുന്ന കാര്യവുമാണ്. പഞ്ചായത്തുകളുടെ രൂപീകരണവും മുനിസിപ്പാലിറ്റികളുടെ രൂപീകരണവും ഈ സർക്കാർ തന്നിഷ്ടംപോലെയാണ് നടത്തിയിട്ടുള്ളത്. അതാകട്ടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിന് ഏതാനും മാസങ്ങൾക്കുമുമ്പ്. ഇതു സംബന്ധിച്ച കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലുമുള്ള വാർഡുകളുടെ വിഭജനം പഞ്ചായത്ത്/മുനിസിപ്പൽ ആക്ടിലെ പത്താം വകുപ്പ് അനുസരിച്ചാണ്. വാർഡ് വിഭജനവും പുനർവിഭജനവും സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് ബന്ധപ്പെട്ട സെക്രട്ടറിമാരാണ്. ഇങ്ങനെയുള്ള വാർഡ് വിഭജനം യു.ഡി.എഫ്.-ന് പൊതുവിലും വകുപ്പ് കൈകാര്യം ചെയ്യുന്ന ലീഗിന് വിശേഷിച്ചും അനുകൂലമായ നിലയിലാണ് ഇപ്പോൾ നടത്തിയിരിക്കുന്നത്. ഇതിനുവേണ്ടി യു.ഡി.എഫ്.-ന് എങ്ങനെയും ഉപയോഗിക്കാൻ കഴിയുന്ന ഉദ്യോഗസ്ഥരെ മുൻകൂട്ടിത്തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിപദത്തിൽ പ്രതിഷ്ഠിച്ചും അല്ലാത്തവരെ ഭീഷണിപ്പെടുത്തിയുമാണ് കാര്യങ്ങൾ

തരപ്പെടുത്തിയിരിക്കുന്നത്. ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ട ഇലക്ഷൻ കമ്മീഷനോ ഇതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിക്കോ ആവശ്യമായ സമയം ലഭിക്കാത്ത രീതിയിലാണ് നിങ്ങൾ നിർദ്ദേശങ്ങൾ സമർപ്പിച്ചിരിക്കുന്നത്. ബ്ലോക്കുകളുടെ വിഭജനത്തിനുള്ള നിർദ്ദേശങ്ങൾ ഇന്നുവരെ ലഭിച്ചിട്ടില്ലെന്നാണ് അറിയാൻ കഴിയുന്നത്. ഇതാണ് യു.ഡി.എഫ്. സർക്കാരിന്റെ ജനാധിപത്യം. തോന്നിയപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വെട്ടിമുറിക്കുകയും വാർഡുകൾ വിഭജിക്കുകയും ചെയ്യുന്ന രീതിയാണ് ഇന്നിവിടെ അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് സഭയെ ബോദ്ധ്യപ്പെടുത്തിയത്. സാധാരണ വാർഡുകൾ പുനർവിഭജനത്തിലും പുനർനിർണ്ണയത്തിലും ആധാരമാക്കുന്നത് ഒന്നുകിൽ ഭൂമിശാസ്ത്രപരമായ സവിശേഷത അല്ലെങ്കിൽ ജനസംഖ്യയുടെ അടിസ്ഥാനത്തിലുള്ള മാനദണ്ഡം. എന്നാൽ ഇതൊന്നും കണക്കിലെടുക്കാതെ തങ്ങളുടെ രാഷ്ട്രീയ താൽപര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ വാർഡ് വിഭജനം നടത്തിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ഇനി കഷ്ടിച്ച് മൂന്നുമാസമേ അവശേഷിക്കുന്നുള്ളൂ. സാധാരണഗതിയിൽ ഒരു വർഷം മുമ്പെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം നടത്തുകയും വാർഡ് പുനർനിർണ്ണയം സംബന്ധിച്ച കരട് പ്രസിദ്ധീകരിക്കുകയും ചെയ്യും. ആക്ഷേപങ്ങളും

അഭിപ്രായങ്ങളും അറിയിക്കാൻ ന്യായമായ സമയം അനുവദിക്കുകയും ചെയ്ത് അവയെല്ലാം പരിഹരിക്കേണ്ടതായിരുന്നു. എന്നാൽ അതിനുള്ള അവസരമൊന്നും നൽകാതെ പതിനൊന്നാം മണിക്കൂറിൽ തങ്ങൾക്ക് തോന്നിയതുപോലെ വാർഡുകൾ വെട്ടിമുറിച്ച് രാഷ്ട്രീയലാഭം കൊയ്യാനുള്ള ഗൂഢതന്ത്രമാണ് യു.ഡി.എഫ്. പയറ്റിയിരിക്കുന്നത്. അതിന്റെ ഫലമായാണ് ഒരുതരത്തിലും ന്യായീകരിക്കാൻ കഴിയാത്ത വിധത്തിൽ വാർഡ് വിഭജനം നടത്തിയിട്ടുള്ളത്. ഉദാഹരണത്തിന് തിരുവനന്തപുരം നഗരസഭയിലെ വഴുതക്കാട് വാർഡിൽ ഇപ്പോൾ വഴുതക്കാട് എന്നുപറയുന്ന സ്ഥലമില്ല. അതുപോലെതന്നെ പേട്ട വാർഡിന് പേട്ട അന്യമാണ്. ഇതിലും വിശേഷമാണ് മലപ്പുറത്തെ കാര്യം. മലപ്പുറം ജില്ലയിൽ കടലുണ്ടിപ്പുഴയുടെ തെക്കേക്കരയിലുള്ള 45 വീടുകൾ വടക്കേക്കര വാർഡിലും വടക്കേക്കരയിലുള്ള 45 വീടുകൾ തെക്കുഭാഗത്തുള്ള വാർഡിലും ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇതെന്ത് ന്യായമാണ്? ഒരു പുഴയുടെ അപ്പുറത്തും ഇപ്പുറത്തുമുള്ളവർ ഒരു പഞ്ചായത്തിന്റെ രണ്ട് വാർഡുകളിൽ. ഇവിടെ പാലമില്ലെങ്കിൽ ഈ 45 വീട്ടുകാർ എന്തുചെയ്യും.... ഇവർ പുഴ നീന്തിക്കടന്നുവേണ്ടേ വോട്ട് ചെയ്യാൻ പോകാൻ. ഇവർ വെള്ളത്തിൽ വീണ് മരിച്ചാലും സാരമില്ല നമ്മുടെ പാർട്ടി പഞ്ചായത്ത് ഭരിക്കണം എന്നുമാത്രമല്ലേ സർക്കാരിന് താൽപര്യമുള്ളൂ. ഇത് പൂർണ്ണമായും മുസ്ലീം ലീഗിന്റെ താൽപര്യം

സംരക്ഷിക്കാനാണെന്ന് പ്രത്യക്ഷത്തിൽത്തന്നെ മനസ്സിലാക്കാവുന്നതാണ്. അല്ലെങ്കിൽ തന്നെ മുസ്ലീം ലീഗ് ഒന്ന് മുരണ്ടാൽ പേടിച്ചുപോകുന്ന ആളാണല്ലോ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി. മുസ്ലീം ലീഗിന് അഞ്ചാം മന്ത്രിയെ കൊടുത്തത് മുതൽ പാഠപുസ്തക വിതരണം കുളമാക്കിയ ശ്രീ. പി. കെ. അബ്ദു റബ്ബിനെ സംരക്ഷിക്കുന്നതുവരെ നാം കണ്ടതാണല്ലോ. ഈ വാർഡ് വിഭജനത്തെ സംബന്ധിച്ചും പഞ്ചായത്ത് രൂപീകരണം സംബന്ധിച്ചും അപ്പുറത്തിരിക്കുന്ന കോൺഗ്രസ് അംഗങ്ങൾക്കുതന്നെ എതിർപ്പുണ്ടെന്നെനിക്കറിയാം. പക്ഷേ അവർക്ക് എന്തു ചെയ്യാൻ കഴിയും; അടിയന്തരപ്രമേയം അനുവദിച്ചാൽ ഇതൊക്കെ ചർച്ച ചെയ്യേണ്ടിവരും. അതിലൂടെ നിങ്ങളുടെ കള്ളികൾ പുറത്തുവരികയും ചെയ്യും. അതുകൊണ്ടല്ലേ നിങ്ങൾ അടിയന്തരപ്രമേയത്തിന് അനുമതി നൽകാത്തത്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. സി. ദിവാകരൻ</u>: സർ, പഞ്ചായത്തുകൾ, ബ്ലോക്കുകൾ എന്നിവയുടെ അതിർത്തികൾ തീരുമാനിച്ചതിലുള്ള അപാകതകളെയാണ് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ചൂണ്ടിക്കാണിച്ചത്. അദ്ദേഹത്തിന്റെ

അടിയന്തരപ്രമേയത്തിൽ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് ബഹുമാനപ്പെട്ട മൂന്ന് മന്ത്രിമാർ മറുപടി പറഞ്ഞപ്പോഴും മുഖ്യമന്ത്രി അതിൽ ഇടപെട്ടപ്പോഴും സഭയ്ക്ക് ബോധ്യപ്പെട്ടിട്ടില്ല. പുതിയ അശാസ്ത്രീയമായ വാർഡ് വിഭജനത്തിന്റെ ഫലമായി ആളുകൾക്ക് പുഴ നീന്തിക്കടന്നും വനങ്ങളിൽക്കൂടി ദീർഘദൂരം യാത്രചെയ്തും അവരുടെ ഓരോ പ്രശ്നങ്ങൾക്ക് ബ്ലോക്കിനെ സമീപിക്കേണ്ടി വരുന്നു. ചില പഞ്ചായത്തുകൾക്കും അതുണ്ടായിട്ടുണ്ട്. ഇവിടുത്തെ ജനങ്ങളുടെ ഏറ്റവും വലിയ അസൗകര്യങ്ങളെകുറിച്ചാണ് അടിയന്തരപ്രമേയത്തിൽ മുഖ്യമായും ഉന്നയിച്ചിട്ടുള്ളത്. എന്ത് അടിസ്ഥാനത്തിലാണിത്; ഭൂമിശാസ്ത്രപരമായിട്ടാണോ, ജനസംഖ്യയുടെ അടിസ്ഥാനത്തിലാണോ, മറ്റ് വല്ല താൽപര്യങ്ങളുമുണ്ടോ എന്നും... ഇത് പുന:പരിശോധിക്കാമെന്നുള്ളൊരു പോസിറ്റീവായ നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്തതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷേ നിങ്ങൾ നാല് മന്ത്രിമാർ മറുപടി പറഞ്ഞ സ്ഥിതിക്ക് ഇതൊന്ന് ചർച്ച ചെയ്താലെന്താണ്? രണ്ടോ മൂന്നോ പേരുടെ ചർച്ചയല്ലേയുള്ളൂ. ഈ അടിയന്തരപ്രമേയം നിഷേധിച്ചത് എന്തുകൊണ്ടാണ്. നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ന്യായമായ ഒരു കാര്യം. പ്രതിപക്ഷമെന്നുള്ളനിലയിൽ ഈ അടിയന്തരപ്രമേയത്തിൽ ഞങ്ങളൊരു പുതിയ ആരോപണവും ഉന്നയിച്ചിട്ടില്ല. പക്ഷേ ചില വാർഡുകൾ കണ്ടാൽ... ബഹുമാനപ്പെട്ട

എന്റെ സുഹൃത്ത് വിദ്യാസമ്പന്നനായ, പരിണിതപ്രജ്ഞനായ, വലിയ പാരമ്പര്യമുള്ള കുടുംബത്തിലെ പ്രിയപ്പെട്ട ഡോ. എം. കെ. മുനീർ, നിങ്ങളുപയോഗിച്ച വാക്കുകൾ വളരെ നിഷ്ഠൂരമായിപ്പോയി. നിങ്ങൾ ഇടതുപക്ഷ പ്രസ്ഥാനങ്ങളെ നോക്കി പറഞ്ഞതിനെ സംബന്ധിച്ച് പുറകോട്ടുനോക്കി നടന്നാൽ നിങ്ങൾക്ക് പലതും മനസ്സിലാകും. ഇൻഡ്യാ മഹാരാജ്യത്ത് ഈ വിഭാഗത്തിനുവേണ്ടി എപ്പോഴും അടരാടിയിട്ടുള്ളത്, പോരാടിയിട്ടുള്ളത്, അപവാദങ്ങൾ കേട്ടിട്ടുള്ളത് കമ്മ്യൂണിസ്റ്റ് പാർട്ടികളാണ്. ഇൻഡ്യയിൽ മാത്രമല്ല...ജാതിയല്ല ഞാൻ പറയുന്നത്. ശ്രീ. കെ. സി. ജോസഫ്, ഞങ്ങളിതിനെ വർഗ്ഗീയമായി ചിത്രീകരിച്ചുവെന്നാണ് നിങ്ങളുടെ അക്ഷേപം. അടിയന്തരപ്രമേയം അവതരിപ്പിച്ചത് പ്രതിപക്ഷത്തിന് വേണ്ടിയാണ്. ഐസക്കാണോ ന്യൂട്ടനാണോ എന്നുള്ളതല്ല. അടിയന്തരപ്രമേയം അവതരിപ്പിച്ചത് പ്രതിപക്ഷത്തിന് വേണ്ടിയാണ്. പ്രതിപക്ഷത്തിനെ നോക്കി നിങ്ങൾ പറഞ്ഞ കാര്യങ്ങൾ പറയാൻ പാടില്ലാത്തതായിരുന്നു.

ഡോ. എം. കെ. മുനീർ: സർ, അങ്ങ് ഇത് ശ്രീ. കാനം രാജേന്ദ്രനോടുകൂടി പറയണം. ഇടതുപക്ഷത്തുനിന്ന് എന്നുള്ള ഉദ്ദേശ്യത്തിലല്ല അദ്ദേഹം പറഞ്ഞിട്ടുള്ളത്. അത് ആരെക്കുറിച്ചാണ് എന്നുള്ളത് ഞങ്ങൾക്കുമറിയില്ല. ഇപ്പോൾ അതുസംബന്ധിച്ച തർക്കം ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. കാനം രാജേന്ദ്രനും തമ്മിലാണ്

നടക്കുന്നത്. നമ്മുടെ കമ്മ്യൂണിസ്റ്റുകൾ അറിയാതെ ഫാസിസ്റ്റ് പക്ഷത്തേയ്ക്ക് പോകുന്നതിൽ എനിക്ക് ആശങ്കയുണ്ട് എന്നുപറഞ്ഞിട്ടുള്ളത് ശ്രീ. കാനം രാജേന്ദ്രനാണ്. അതിന്റെ മറുപടി പറഞ്ഞിട്ടുള്ളത് ശ്രീ. കോടിയേരി ബാലകൃഷ്ണനാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ആവശ്യമില്ലാത്തവരുടെ പേര് സഭയിൽ വലിച്ചിഴക്കുന്നില്ല. ശ്രീ.ശിഹാബ് തങ്ങൾ പറഞ്ഞ കാര്യങ്ങൾകൂടി ഇവിടെ പറഞ്ഞാൽ കൂടുതൽ കുഴപ്പങ്ങൾ വരുമെന്നുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പുറത്തുള്ള രാഷ്ട്രീയ നേതാക്കൻമാർ പറയുന്ന പ്രസ്താവനകളും മറ്റും അവർ തമ്മിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങളാണ്. ഇവിടെ ചർച്ച ചെയ്യുന്നത് അതല്ല. നിങ്ങൾ കാണിച്ച തെറ്റായ ഒരു സമീപനത്തെകുറിച്ചാണിവിടെ ചർച്ച ചെയ്യേണ്ടത്. വർഗ്ഗീയമായിട്ടല്ലെന്ന് നിങ്ങൾ പറയുന്നല്ലോ. ഓരോ വാർഡും പരിശോധിച്ചുനോക്ക്. നിങ്ങൾ ഡീലിമിറ്റ് ചെയ്ത ഓരോ വാർഡും അവിടത്തെ പോപ്പുലേഷനും എടുത്ത് പരിശോധിച്ച് നോക്ക്. ഒരു ഉദാഹരണം ഞാൻ പറയാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ. പ്ലീസ് കൺക്ലൂഡ്. ഇത് വാക്കൗട്ടാണ്. അതിനൊരു സമയമുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, നാലഞ്ച് ആളുകൾ അപ്പുറത്ത് സംസാരിച്ചതാണ്.

ചേർത്തല തെക്ക് വിഭജിച്ച് നിങ്ങളൊരു പുതിയ പഞ്ചായത്തുണ്ടാക്കി, അർത്തുങ്കൽ. ആ അർത്തുങ്കൽ പഞ്ചായത്തിന്റെ ജനസംഖ്യയിൽ ഭയങ്കര ഭൂരിപക്ഷം ആർക്കാണ്; എന്തിനുവേണ്ടിയാണത് ഡിവൈഡ് ചെയ്തത്; ഇതുതന്നെയാണ് മലപ്പുറത്ത് എടുത്താലുമുള്ളത്. അതിന് വർഗ്ഗീയതയെന്ന് പേരുപറയുന്നതുമാത്രം നിങ്ങൾക്ക് പിടിക്കുന്നില്ല. ഞങ്ങളെ ആരും മതേതരത്വമൊന്നും പഠിപ്പിക്കേണ്ട. അതെല്ലാം ഡോ. എം. കെ. മുനീറിനെപ്പോലുള്ള ആളുകളുടെ മുൻകാല തലമുറയോട് ചോദിച്ച് മനസ്സിലാക്കി... ചരിത്രം വായിക്കണം. നിങ്ങൾക്കുവേണ്ടിയാണ് കേരളത്തിലെ ഇടതുപക്ഷ പാർട്ടികൾ എന്നും നിന്നിട്ടുള്ളത്. അടിച്ചമർത്തപ്പെട്ടവർക്കുവേണ്ടി, പാവപ്പെട്ട വിഭാഗത്തിനുവേണ്ടി... അത് ഇപ്പോൾ നാല് ദിവസത്തെ അധികാരം കിട്ടിയെന്ന് പറഞ്ഞ് നിങ്ങൾ മറക്കുകയാണ്. നിങ്ങൾ അരുവിക്കരയിൽ പോയി. വല്ല കാര്യവുമുണ്ടോ. അരുവിക്കര പോകേണ്ട കാര്യമില്ല. അരുവിക്കരയെല്ലാം കഴിഞ്ഞു. ഞങ്ങളാരും പറഞ്ഞില്ലല്ലോ നിങ്ങൾ തോറ്റുപോയെന്ന്. നിങ്ങൾക്കവിടെ എന്താണ് കിട്ടിയത്. കഴിഞ്ഞ തവണ കിട്ടിയ വോട്ടല്ലാതെ നിങ്ങൾക്ക് എന്തുകിട്ടി. അവിടെ വോട്ട് കിട്ടിയത് ആർക്കാണ്. നിങ്ങൾ അരുവിക്കരയ്ക്കുവേണ്ടി ഊറ്റം കൊള്ളുമ്പോൾ അവിടെ വിജയിച്ചത്, ഏറ്റവും കൂടുതൽ രാഷ്ട്രീയ നേട്ടം കൈവരിച്ചത് ബി.ജെ.പി.-യാണ്. ബി.ജെ.പി.ക്കുവേണ്ടിയാണ് നിങ്ങൾ വാദിക്കുന്നത്.

നിങ്ങളാണ് ബി.ജെ.പി.-യുടെ 'ബി' ടീം. ഞങ്ങളല്ല. ബി.ജെ.പി.യുടെ 'ബി' ടീം കോൺഗ്രസ്സാണ്. മുസ്ലീം ലീഗുകാർ അത് മനസ്സിലാക്കണം. ഇത് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. സി. കെ. നാണു: സർ, ഇൻഡ്യയിലെ മതേതരത്വത്തിന് ഭീഷണിയുണ്ടായപ്പോൾ ഇൻഡ്യയിലെയും കേരളത്തിലെയും ഇടതുപക്ഷ ജനാധിപത്യ മുന്നണി എല്ലാവരേക്കാളും മുമ്പിൽ രംഗത്തിറങ്ങിയതാണ്. ഉദാഹരണങ്ങളായ ആ വസ്തുതകൾ വിശദീകരിക്കാൻ സമയമില്ല. പക്ഷേ മാർക്സിസ്റ്റ് പാർട്ടിയുടെ സെക്രട്ടറി, സി.പി.ഐ.യുടെ സെക്രട്ടറി, വി.പി. സിംഗ് എന്നീ മൂന്നുപേരാണ് ഇൻഡ്യയുടെ മതേതരത്വത്തിന് ഭീഷണിയുണ്ടായിരുന്ന അവസരത്തിൽ അതിനെതിരായി അറസ്റ്റ് വരിച്ചതും രാജ്യത്തിലെ മതേതരത്വത്തിനുവേണ്ടി നീങ്ങിയതും. ഇന്നത്തെ ദേശീയമായ സാഹചര്യം എന്താണെന്ന് ഞാൻ വിശദീകരിക്കുന്നില്ല. ആ ദേശീയമായ സാഹചര്യത്തിൽ ഇവിടത്തെ ഭൂരിപക്ഷമതത്തിന്റെ പേരിൽ വർഗ്ഗീയത ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്ന ശക്തികൾ സജീവമാകാൻ ശ്രമിക്കുമ്പോൾ, കേരളത്തെപ്പോലുള്ളൊരു

സംസ്ഥാനത്ത് മതേതരത്വത്തിന് ഗുണപരമല്ലാത്ത എന്തെങ്കിലും സൂചനകളുണ്ടെങ്കിൽ ആ സൂചനകൾ ചൂണ്ടിക്കാണിക്കേണ്ട ബാധ്യത കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കില്ലേ; എന്റെ നാട്ടിലെ ഗ്രാമങ്ങളിൽ ഈ പഞ്ചായത്ത് വിഭജനവുമായി ബന്ധപ്പെട്ടുകൊണ്ട് വരുന്ന വാർത്തകൾ ഗുണപരമല്ല എന്ന് എനിക്കുതോന്നുന്നു. ആ തോന്നൽ ഞാൻ നേരത്തെ പറഞ്ഞ നമ്മുടെ നാട്ടിലെ യഥാർത്ഥത്തിലുള്ള മതേതരത്വത്തെ സംരക്ഷിക്കുന്നതിന് സഹായകരമായ രൂപത്തിലാണോ എന്ന് എനിക്ക് സംശയമുണ്ട്. ഇത് വർഷങ്ങൾക്കുമുൻപ് ബഹുമാന്യരായ നേതാവ്, കേരളത്തിലെ കോൺഗ്രസ്സ് നേതൃത്വം ഒരുമിച്ച് നിന്ന ഐക്യ കോൺഗ്രസ്സ് നേതൃത്വത്തിനെ ഓർമ്മപ്പെടുത്തിയത്.  അത് ഒരു ഘട്ടത്തിൽ സ്വീകരിച്ചു,  സ്വീകരിച്ചതിന് ദോഷം ഉണ്ടായി, പക്ഷേ വേറൊരു ഘട്ടം വന്നപ്പോൾ അതിനെ തകർത്തു,  ഇതെല്ലാം രാഷ്ട്രീയ വിദ്യാർത്ഥികൾക്ക് പാഠമാകേണ്ടതാണ്. അതുകൊണ്ട് എന്റെ അഭ്യർത്ഥന ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയതുപോലെ, വളരെ  ഗൗരവമായി ഇതുസംബന്ധിച്ച് ആലോചിക്കണം. ചെറിയ താൽപ്പര്യങ്ങൾക്കു വേണ്ടി, ചെറിയ കാര്യങ്ങൾ ചെയ്താൽ നാളെ രാജ്യത്ത് ന്യായീകരിക്കാൻ സാധിക്കാത്ത രൂപത്തിൽ നമ്മൾ കുടുക്കിലാകും.  ഇവിടെ ആശാസ്യമല്ലാത്ത ചില സംഭവങ്ങൾ ഉണ്ടാക്കി, രാഷ്ട്രീയമായി വലിയ വില

കൊടുക്കേണ്ടിവരും. കേരളത്തിൽ നമ്മളെ സംബന്ധിച്ച് ഒരു പ്രശ്നം വന്നപ്പോൾ അതിന് സംബന്ധിച്ച് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇറങ്ങിപ്പോകുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ.സി.കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വളരെ അശാസ്ത്രീയമായും രാഷ്ട്രീയ ദുരുദ്ദേശത്തോടും കൂടിയാണ് പഞ്ചായത്ത് വാർഡ് വിഭജന ചർച്ച നടന്നിട്ടുള്ളത്, അത് ചൂണ്ടിക്കാണിക്കാനാണ് ഞങ്ങൾ മുഖ്യമായും ശ്രമിച്ചത്. അതോടൊപ്പം പുതുതായി രൂപീകരിച്ച പഞ്ചായത്തുകൾ സംബന്ധിച്ചും, പുതുതായി രൂപീകരിച്ച വാർഡുകൾ സംബന്ധിച്ചും നാട്ടിൽ നല്ല വർത്തമാനമല്ല നടക്കുന്നത് എന്നാണ് മുഖ്യമന്ത്രിയോട് ഞങ്ങൾക്കെല്ലാം അപേക്ഷിക്കാനുള്ളത്. അത് ആരുടേയും പരാതിയായി എടുക്കണമെന്നില്ല. ആ വർത്തമാനം മതസൗഹാർദ്ദത്തിന് ഹാനികരമായ വർത്തമാനമാണെന്ന് അങ്ങ് ശ്രദ്ധിക്കണം. അങ്ങനെയൊരു സൂചന ആ കാര്യത്തിൽ ഉണ്ടെങ്കിൽ അത് പരിശോധിക്കാനുള്ള ധാർമ്മികമായ ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കേണ്ടതായിരുന്നു. അങ്ങനെയൊരു ചർച്ച ഇവിടെ വരണം എന്നാണ് ഞങ്ങൾ ആഗ്രഹിച്ചത്, അത് നിഷേധിച്ച

ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ.എ.കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)